Uncorrected/Not for publication
09-10-2025

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ...., (....ബഹളം....)

യെസ്... യെസ്..... അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഇരിക്കേണ്ടതാണ്. ശ്രീ. ചാണ്ടി ഉമ്മൻ സ്വന്തം സീറ്റിലല്ല ഇരിക്കുന്നത്. പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഇരിക്കാത്തപക്ഷം പ്രതിപക്ഷനേതാവിന് മൈക്ക് നൽകാൻ കഴിയില്ല. ഫ്ലോർ ഓർഡറിലല്ല. പ്ലീസ്.....പ്ലീസ്......

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, രണ്ട് കാര്യങ്ങൾ പറയാനുണ്ട്. ഒന്ന്, പ്രതിപക്ഷാംഗങ്ങൾ കഴിഞ്ഞ മൂന്ന് ദിവസമായി സഭാനടപടികളുമായി നിസ്സഹകരിച്ച് നടത്തുന്ന സമരം തുടരുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ വാച്ച് ആൻഡ് വാർഡിനെ ഉപയോഗിച്ച് ഞങ്ങളെ പ്രതിരോധിക്കാൻ ശ്രമിച്ചത് വളരെ ദൗർഭാഗ്യകരമാണ്. രണ്ട്, ഇന്നലെ ഞങ്ങൾ ഇവിടെനിന്ന് പോയതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളുടെ ഒരംഗത്തെക്കുറിച്ച് ബോഡി ഷെയിമിങ് നടത്തുന്ന രീതിയിൽ പൊളിറ്റിക്കലി ഇൻകറക്റ്റായ ഒരു പരാമർശം നടത്തുകയുണ്ടായി.

അതിന് അങ്ങേയ്ക്ക് ഞങ്ങൾ കത്ത് നൽകാം. അങ്ങ് എന്തിനാണ് എന്നെ തടസ്സപ്പെടുത്തുന്നത്?

മി. സ്പീക്കർ: യെസ്..... പ്ലീസ്.... പ്ലീസ്... ക്രമപ്രശ്നങ്ങളുണ്ടെങ്കിൽ zero hour-ൽ ഉന്നയിക്കണം. ഇക്കാര്യം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ? നിങ്ങൾ ഔട്ട് ഓഫ് സിലബസിലേക്ക് പോകുകയാണ്. പ്രതിഷേധം രേഖപ്പെടുത്താൻ നിങ്ങൾക്ക് അവകാശമുണ്ട്. അതിനെ ചെയർ ഡിനൈ ചെയ്യുന്നില്ല. നിങ്ങൾക്ക് സ്റ്റേറ്റ്മെന്റ് നടത്താൻ കഴിയും, അല്ലാതെ അതിന്മേൽ പ്രസംഗം നടത്താൻ സാധിക്കില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, Let me complete. ബഹുമാനപ്പെട്ട മന്ത്രിമാരെല്ലാം വായിൽതോന്നിയത് പറഞ്ഞപ്പോൾ അങ്ങേയ്ക്ക് ഒരു പ്രശ്നവുമുണ്ടായിരുന്നില്ല. അതുവേണ്ട. (....ബഹളം....) അങ്ങ് ഇങ്ങനെയല്ല പ്രവർത്തിക്കേണ്ടത്. (മൈക്ക് ഓഫ്)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് നിഷ്പക്ഷമായല്ല പ്രവർത്തിക്കുന്നത്. ഞാൻ സംസാരിക്കുമ്പോൾ അങ്ങ് ഇടപെടൽ നടത്തുകയാണ്. ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ശബരിമലയിലെ

ദ്വാരപാലക വിഗ്രഹം വലിയ വിലയ്ക്ക് വിറ്റിരിക്കുകയാണ്. അതിന് കൂട്ടുനിന്ന ആളുകൾക്കെതിരെ നടപടിയെടുക്കണം. ഇപ്പോഴത്തെ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണം, ദേവസ്വം ബോർഡിനെ പുറത്താക്കണം എന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം, ഞങ്ങൾ സമരം തുടരുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പ്രതിപക്ഷനേതാവിന്റെ അക്രമാഹ്വാനമാണ് ഇപ്പോൾ നാം കാണുന്നത്. (......ബഹളം.....) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് പ്രതിപക്ഷനേതാവ് സൂചിപ്പിച്ചത് വസ്തുതാവിരുദ്ധമായ കാര്യമാണ്. അദ്ദേഹം ഒരംഗത്തിന്റെയും പേര് ഇവിടെ പരാമർശിച്ചിട്ടില്ല. (.....ബഹളം....) പ്രതിപക്ഷനിരയിലുള്ള അംഗങ്ങൾ പ്രതിപക്ഷനേതാവിന്റെ ആശീർവാദത്തോടെ എന്തെല്ലാമാണ് ഇവിടെ വിളിച്ചുപറഞ്ഞിട്ടുള്ളത്.

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനർ ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറയ്ക്കാൻ ശ്രമിക്കുകയും വാച്ച് ആൻഡ് വാർഡ് ചെയറിന് സംരക്ഷണമൊരുക്കുകയും ചെയ്തു.)

മി. സ്പീക്കർ: ആ ബാനർ റിമൂവ് ചെയ്യൂ (...ബഹളം....) ബാനർ പിടിച്ച് വാങ്ങൂ (...ബഹളം....) വാച്ച് ആൻഡ് വാർഡ് ബാനർ പിടിച്ച് വാങ്ങൂ. (.....ബഹളം.....). അവിടെ നിന്ന് പിടിച്ചോളൂ. (....ബഹളം....) ഇവിടെ പിടിക്കാൻ സാധിക്കില്ല.

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് നടത്തിയ പരാമർശം വസ്തുതാവിരുദ്ധമാണ്. (....ബഹളം.......) അങ്ങയുടെ കൺമുന്നിൽ ഒരു വനിതയെ ആക്രമിച്ചിരിക്കുകയാണ്. പ്രതിപക്ഷം എന്താണ് ചെയ്യുന്നത്? (....ബഹളം.....) എന്തൊരു ധിക്കാരമാണ് കാണിക്കുന്നത്........(ബഹളം)...... ഇത് ഈ സഭയും ലോകവും കാണുകയല്ലേ? (.....ബഹളം....)

മി. സ്പീക്കർ: വാച്ച് ആൻഡ് വാർഡ് ബാനർ പിടിച്ചു മാറ്റൂ. (.....ബഹളം.....)

ശ്രീ. എം. ബി. രാജേഷ്: സർ, ഇതിനെല്ലാം മൗനാനുവാദം നൽകിക്കൊണ്ട് ഈ അംഗങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രതിപക്ഷനേതാവ് ഇവിടെ വലിയ പ്രസംഗം നടത്തുകയാണ്. (....ബഹളം....) എന്ത് തോന്ന്യാസമാണ് കാണിക്കുന്നത്; (....ബഹളം....)

അദ്ദേഹത്തിന് ജനാധിപത്യത്തെക്കുറിച്ച് പറയാൻ ലജ്ജ തോന്നുന്നില്ലേ? ഈ അക്രമത്തിന് മുഴുവൻ നേതൃത്വം നൽകിക്കൊണ്ട് (....ബഹളം....) പ്രതിപക്ഷനേതാവ് ഗുണ്ടായിസത്തിന് നേതൃത്വം നൽകുകയാണ്. (....ബഹളം...)

മി. സ്പീക്കർ: യെസ്.... പ്ലീസ്... ഫ്ലോർ ഓർഡറിലാക്കൂ. ചോദ്യോത്തരവേള നടത്താൻ പാടില്ലെന്നാണ് പ്രതിപക്ഷത്തിന്റെ ആവശ്യം. ബഹുമാനപ്പെട്ട ട്രഷറി ബെഞ്ച് അംഗങ്ങൾ സഹകരിക്കണം. പ്ലീസ്.... ട്രഷറി ബെഞ്ച് അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് പോകണം. പ്ലീസ്.....പ്ലീസ്.... ട്രഷറി ബെഞ്ച് അംഗങ്ങൾ ചോദ്യോത്തരവേള നടത്താൻ അനുവദിക്കണം.

(*271-ാം നമ്പർ ചോദ്യം ഉന്നയിക്കേണ്ട ചോദ്യകർത്താക്കൾ അവരവരുടെ സീറ്റുകളിൽ ഇല്ലാതിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിലും ദേവസ്വം ബോർഡ് അംഗങ്ങളെ പുറത്താക്കാത്തതിലും പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും

പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**കെ.എസ്.ആർ.ടി.സി.-ക്ക് ഇലക്ട്രിക് ബസുകൾ**

1 (*272) ശ്രീ. ഡി. കെ. മുരളി ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനും കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇലക്ട്രിക് ബസ്സുകളെയും ഡീസൽ ബസ്സുകളെയും താരതമ്യം ചെയ്യുമ്പോൾ ഇന്ധനക്ഷമതയും മലിനീകരണ തോത് കുറവുള്ളതും ഇലക്ട്രിക് ബസ്സുകൾക്കാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കാര്യക്ഷമതയും ലാഭവും പരിസ്ഥിതി സൗഹൃദവുമാണ് ഇലക്ട്രിക് ബസ്സുകളെങ്കിൽ ക്രമാനുഗതമായി ഇലക്ട്രിക് ബസ്സുകളിലേയ്ക്ക് സർവീസുകൾ മാറുന്നതിനെക്കുറിച്ച് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട ചെയറിനോട് ഒരു അപേക്ഷയുണ്ട്, സഭയുടെ നടപടിക്രമമനുസരിച്ച് ചെയറിനെ നോക്കി സംസാരിക്കണമെന്നാണ്. ആ സാഹചര്യത്തിൽ ബാനർ ഇപ്രകാരം പിടിക്കുന്നത് തെറ്റാണ്. അത് മാറ്റാൻ അങ്ങ് നിർദേശം നൽകണം. ചോദ്യം ചോദിക്കുന്ന അംഗങ്ങളുടെ മുഖത്തുനോക്കിയല്ല, ബഹുമാനപ്പെട്ട ചെയറിനെ നോക്കിയാണ് ഉത്തരം നൽകേണ്ടത്, ചെയറിനെയാണ് അഭിസംബോധന ചെയ്യേണ്ടത്. ഇവിടെ ബാനർ പിടിച്ചിരിക്കുന്നതിനാൽ അതിന് ബുദ്ധിമുട്ടുണ്ട്. ബാനർ മാറ്റാൻ ഏർപ്പാട് ചെയ്യണം.

(എ) സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി വിവിധ സർവീസുകളും പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ BS 6 കാറ്റഗറിയിലുള്ള പുതിയ ബസ്സുകളുപയോഗിച്ച്

ദീർഘദൂര-അന്തർസംസ്ഥാന റൂട്ടുകളിലും ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ചും സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.

സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, ബൈപ്പാസ് റൈഡർ, ഗ്രാമവണ്ടി, സമുദ്ര, നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ്, സൂപ്പർ ഫാസ്റ്റ് പ്രീമിയം എ.സി., ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP), ഗരുഡ പ്രീമിയം എ.സി., എ.സി. സൂപ്പർ ഫാസ്റ്റ്, ഗരുഡ വോൾവോ മൾട്ടി ആക്സിൽ, ഗരുഡ വോൾവോ എ.സി. മൾട്ടി ആക്സിൽ സ്ലീപ്പർ, എ.സി. സീറ്റർ, എ.സി. സ്ലീപ്പർ, എ.സി. സീറ്റർ കം സ്ലീപ്പർ, പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഗ്രാമീണ മിനി ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ്സ് എന്നീ പുതിയതരം സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.

ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള സിറ്റിയിലേക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ജനോപകാരപ്രദമായ സർവീസാക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്.

കിലോമീറ്റർ വരുമാനം വർധിപ്പിക്കുന്നതിനായി കോർപ്പറേഷനിലെ നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും ജനോപകാരപ്രദമായി പുനഃക്രമീകരിച്ച് വരുമാനം വർധിപ്പിക്കുന്ന രീതിയിൽ സർവീസ് നടത്തുന്നുണ്ട്.

കോവിഡിനുമുമ്പ് 2019 വർഷത്തിൽ 38.56 രൂപ പ്രതികിലോമീറ്റർ വരുമാനം (ഇ.പി.കെ.എം.) എന്ന നിലയിൽനിന്നും 2025 ആഗസ്റ്റ് മാസംവരെ ശരാശരി 49.58 രൂപയായി ഇ.പി.കെ.എം. വർധിച്ചിട്ടുണ്ട്. ഇതിൽ 2022 മേയ് 1 മുതൽ നിരക്ക് വർധിപ്പിച്ചതിനാൽ ഇ.പി.കെ.എം.-ൽ സ്വാഭാവിക വർധനവുണ്ടായിട്ടുണ്ട്. തുടർന്ന് ഒരേ ടിക്കറ്റ് നിരക്കിൽ 2022 വർഷം 46.84 രൂപയിൽനിന്ന് 2025 വർഷം 49.58 രൂപയായി ഇ.പി.കെ.എം. വർധിച്ചിട്ടുണ്ട്. ബസ്സ് സർവീസ് നടത്തുന്നതിന് നേരിട്ടുള്ള പ്രവർത്തന ചെലവുകൾ ടിക്കറ്റ് വരുമാനത്തിൽനിന്നും കണ്ടെത്തി ഓരോ യൂണിറ്റിനെയും ലാഭകേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ ഭാഗമായി 2024 ജൂലൈ മാസം 52 യൂണിറ്റുകൾ മാത്രം ഓപ്പറേഷണൽ ടാർജറ്റ് നേടിയ സ്ഥാനത്ത് യൂണിറ്റുതല ഏകോപനത്തിലൂടെയും യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയതിലൂടെയും 2025 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ മുഴുവൻ യൂണിറ്റുകളും (93 യൂണിറ്റുകൾ) ഓപ്പറേഷണൽ ടാർജറ്റ് നേടിയിട്ടുണ്ട്.

സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ശരാശരി ഓഫ്റോഡ്, 2025 സെപ്റ്റംബർ മാസത്തിൽ 451 ആയി നിലനിർത്തുന്നതിനായി സാധിച്ചു. കൂടാതെ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി നിലവിൽ സർവീസിന് ഉപയോഗിച്ചുവരുന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ എല്ലാവിധ അറ്റകുറ്റപണികളും നടത്തി റീ ഫർബിഷിംങ് പൂർത്തീകരിച്ച് 95 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

2024-25, 2025-26 എന്നീ കാലയളവിൽ സർക്കാർ അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് കാലപ്പഴക്കംചെന്ന ബസ്സുകൾക്കുപകരം കൂടുതൽ യാത്രാ സൗകര്യങ്ങളുള്ള 269 എണ്ണം (കെ.എസ്.ആർ.ടി.സി.- 237 & കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് - 32) ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിൽ 140 ബസ്സുകൾ (കെ.എസ്.ആർ.ടി.സി. - 111 & കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് - 29) ഇതുവരെ ലഭ്യമായിട്ടുണ്ട്.

121 ബസ്സുകൾ നടപടികൾ പൂർത്തിയാക്കി സർവീസിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ബസ്സുകൾ ഉടൻ സർവീസിന് നൽകുന്നതാണ്. ദീർഘദൂര യാത്രാക്കാർക്ക് നിലവാരമുള്ള ഭക്ഷണം നൽകുന്നതിനുള്ള wayside ഹോട്ടലുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രധാന ബസ്സ് സ്റ്റേഷനുകളിൽ യാത്രാക്കാർക്കായി ഒരുക്കിയ നൂതന സംരംഭമായ ശീതീകരണ സംവിധാനത്തോടെയുള്ള കാത്തിരിപ്പ് കേന്ദ്രങ്ങൾ ആരംഭിച്ച് ഭംഗിയായി പരിപാലിച്ച് പോരുന്നു. ബസ് സ്റ്റേഷനുകളിലെ പൊതു ടോയ്‌ലെറ്റുകൾ വൃത്തിയും മികച്ചതുമാക്കുന്നതിന്റെ ഭാഗമായി അവ M/s. സുലഭ് ഇന്റർനാഷണൽ എന്ന സ്ഥാപനത്തിന് കൈമാറുകയും അതിന്റെ ശുചിത്വം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിങ് നടത്തിവരുന്നു. പുനലൂർ, നെടുമങ്ങാട്, വിഴിഞ്ഞം എന്നിവിടങ്ങളിൽ ആയത് നടപ്പാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രക്കാർക്കുള്ള വിവര സംവിധാനം (Passenger Information System) നടപ്പിൽ വരുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. എല്ലാ ബസ് സ്റ്റേഷനുകളിലും നടപ്പാക്കിയ കുപ്പിവെള്ള

പദ്ധതി (Hilly Aqua) മികച്ച രീതിയിൽ നടന്നുവരുന്നു. പ്രധാന ബസ് സ്റ്റേഷനുകളിലെ ബസ്സ് ബേകളിൽ ബസ്സുകൾ എത്തിച്ചേരുന്നതിന്റെയും പുറപ്പെടുന്നതിന്റെയും വിവരങ്ങൾ യാത്രക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ Standy Model Digital Signage System നടപ്പാക്കാൻ ധാരണയായിട്ടുണ്ട്. പ്രധാനപ്പെട്ട ബസ്സ് സ്റ്റാൻഡുകളിൽ യാത്രക്കാർക്ക് സുരക്ഷിതമായി ലഗേജ് സൂക്ഷിക്കുന്നതിന് ഡിജിറ്റൽ ക്ലോക്ക് റൂം എന്ന പദ്ധതി ആവിഷ്കരിച്ച് തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

മൂന്നാർ ഡിപ്പോയിൽ ടിക്കറ്റിതര വരുമാന വർധനവിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഫുഡ് ഹബ് പ്രവർത്തിപ്പിക്കുന്നതിന് ടെൻഡർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡിപ്പോകളും വർക്ക്ഷോപ്പുകളും മാലിന്യ മുക്തമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഡിപ്പോകളിലും വർക്ക്ഷോപ്പുകളിലും വർഷങ്ങളായി കെട്ടിക്കിടക്കുന്ന ലെഗസി വേസ്റ്റുകൾ (Rexin, Glass etc.) സർക്കാർ ഉടമസ്ഥതയിലുള്ള ക്ലീൻ കേരള കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ച് വലിയതോതിൽ മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.

സ്വന്തമായി വികസിപ്പിച്ച ഓയിൽ വേർതിരിക്കുന്നതിനുള്ള സംവിധാനത്തോടുകൂടിയ ബസ്സ് വാഷിങ് റാമ്പ് തിരുവനന്തപുരം സെൻട്രലിൽ നടപ്പാക്കിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ വിവരസാങ്കേതിക രംഗത്ത് ചുവടെ ചേർക്കുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

1. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ
2. ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം
3. ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം & ലൈവ് ടിക്കറ്റിങ്
4. സ്മാർട്ട് ട്രാവൽ കാർഡ്
5. റെന്റൽ മാനേജ്മെന്റ് സിസ്റ്റം
6. സി.സി.ടി.വി.-യും ബ്ലിങ്കർ ലൈറ്റ് നടപ്പാക്കലും
7. കൊറിയർ & ലോജിസ്റ്റിക്സ്
8. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം (എം.എൽ.എ. ഫണ്ട് ഉപയോഗിച്ച്)
9. കസ്റ്റമർ കെയർ പോർട്ടൽ
10. ഇന്ധനക്ഷമത കണക്കാക്കുന്നതിനുള്ള പ്രോഗ്രാം
11. ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം

12. ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ.

കെ.എസ്.ആർ.ടി.സി. ബസ്സുമായി ബന്ധപ്പെട്ട അപകടങ്ങൾ നിവാരണം ചെയ്യുന്നതിനായി ആക്സിഡന്റ് മോണിറ്ററിങ് സെൽ രൂപീകരിച്ചു. ടി സെല്ലിന്റെ നേതൃത്വത്തിൽ യൂണിറ്റ് തലത്തിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെയും പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും സഹകരണത്തോടെ സുരക്ഷിത ഡ്രൈവിങ്ങിനെക്കുറിച്ച് പരിശീലന പരിപാടികളും ബോധവൽക്കരണ ക്ലാസ്സുകളും പതിവായി സംഘടിപ്പിക്കുന്നുണ്ട്.

അപകടകരമായ ഡ്രൈവിങ്ങിനെക്കുറിച്ച് പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കായി " AM I DRIVING DANGEROUSLY" (WhatsApp No:9188619380) എന്ന വാട്സാപ്പിലൂടെ ജനങ്ങൾക്ക് പരാതി അറിയിക്കാവുന്നതും ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇതുവരെ 15 ഇന്ധന വിതരണ ഔട്ട്‌ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും, ഗുരുവായൂർ യാത്രാഫ്യൂവൽസ് ഔട്ട്‌ലെറ്റിൽ ഒരു സി.എൻ.ജി. സ്റ്റേഷനും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയേക്കാൾ കൂടിയ നിരക്കാണ് ഈടാക്കി വരുന്നത്. യാത്രാ ഫ്യൂവൽസ് വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധന വിതരണം നടത്തിയതിലൂടെ കൊച്ചി ടെർമിനലിലെ ബൾക്ക് പർച്ചേയ്സർ റേറ്റ് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുമായിരുന്ന ഏകദേശം 278 കോടിയോളം രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഇതുവരെ ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റുകൾ മുഖേന ഇന്ധനവിതരണം നടത്തിയതിലൂടെ 2023-24 സാമ്പത്തിക വർഷത്തിൽ 45.63 ലക്ഷം രൂപയുടെ സാമ്പത്തിക ലാഭം ഉണ്ടായിരുന്നത് 2024-25 സാമ്പത്തിക വർഷത്തിൽ ഒരു കോടി പതിനാറ് ലക്ഷം രൂപയായി വർധിപ്പിക്കുന്നതിനും 2025 ഏപ്രിൽ മുതൽ ജൂലൈ വരെ 73.11 ലക്ഷം രൂപയുടെ ലാഭവുമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ആരംഭിച്ച നൂതന പദ്ധതിയാണ് ഡ്രൈവിങ് സ്കൂൾ. നിലവിൽ 18 ഡ്രൈവിങ് സ്കൂളുകൾ നടത്തിവരുന്നു.

2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പാക്കിവരികയും ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.

- തിരുവനന്തപുരം, എറണാകുളം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ ഡബിൾ ഡെക്കർ ബസ്സുകളുടെ സർവീസുകൾ ആരംഭിച്ചു. ഡബിൾ ഡെക്കർ യാത്രകൾക്കായി ഓൺലൈൻ ബുക്കിങ് സംവിധാനം ആരംഭിച്ചു.
- വിവാഹം, തീർഥാടനയാത്രകൾ തുടങ്ങിയ സ്വകാര്യ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രൈവറ്റ് ഹയർ/ചാർട്ടേർഡ് വ്യവസ്ഥയിൽ വാടകയ്ക്ക് നൽകുന്നുണ്ട്.
- ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർസംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ അന്തർ

സംസ്ഥാന കരാറുകൾ നിലവിൽ വരുന്നമുറയ്ക്ക് സർവീസ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

- "കെ.എസ്.ആർ.ടി.സി. ബജറ്റ് സ്റ്റേ" എന്നപേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു.
- വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി "കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. ഒരു പദ്ധതി ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനി രൂപീകരിച്ചു.

നിലവിൽ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ 165 ഇലക്ട്രിക് ബസ്സുകളും 305 സൂപ്പർ ക്ലാസ് ഡീസൽ ബസ്സുകളുമുൾപ്പടെ 470 ബസ്സുകൾ സർവീസ് നടത്തി വരുന്നു. ഇതിനുപുറമെ രണ്ട് എ.സി. സ്ലീപ്പർ (വോൾവോ), മൂന്ന് എ.സി. സീറ്റർ, നാല് എ.സി. സ്ലീപ്പർ ബസ്സുകൾ, പത്ത് എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസ്സുകൾ ഉടൻ ലഭ്യമാകുന്നതാണ്.

(ബി) ഇലക്ട്രിക് ബസ്സുകൾ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ശരാശരി വൈദ്യുതി ഉപയോഗം 0.76 കിലോവാട്ട് ആണ്. ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി നിരക്ക് 9.07 രൂപ കണക്കാക്കിയാൽ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിന് വേണ്ടിവരുന്ന വൈദ്യുതി ചാർജ് ഇനത്തിലെ ചെലവ് 6.89 രൂപയാണ്. ഇലക്ട്രിക് ബസ്സുകൾക്ക് മലിനീകരണ തോത് തീരെ കുറവാണ്. പുതിയ ഒരു 9 മീറ്റർ ഡീസൽ Eicher ബസ്സിന്റെ ശരാശരി ഇന്ധനക്ഷമത 5.42 കിലോമീറ്റർ ആണ്. ഒരു ലിറ്റർ ഡീസലിന് 93.90 രൂപ കണക്കാക്കിയാൽ ഒരു കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുന്നതിന് വേണ്ടിവരുന്ന ഇന്ധന ചെലവ് 17.32 രൂപയാണ്. ആയതിനാൽ ഇലക്ട്രിക് ബസ്സുകൾക്ക് ഡീസൽ ബസ്സുകളേക്കാൾ ഇന്ധന ചെലവ് കുറവാണ്. എന്നാൽ ഇലക്ട്രിക് ബസ്സുകൾക്ക് ഡീസൽ ബസ്സുകളെക്കാൾ വില വളരെ കൂടുതലാണ്. ആദ്യഘട്ടം വാങ്ങിയ ഒരു PMI 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക് ബസ്സിന് 92.43 ലക്ഷം രൂപയാണ് വില. പുതുതായി വാങ്ങിയ 9 മീറ്റർ നോൺ എ.സി. Eicher BSVI ഡീസൽ ബസ്സിന് 27.72 ലക്ഷം രൂപയാണ് വില. ഇലക്ട്രിക് ബസ്സുകൾക്ക് ഡീസൽ ബസ്സുകളെക്കാൾ മൂന്നിരട്ടി വിലയുണ്ട്.

നിലവിൽ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ 50 ഒമ്പത് മീറ്റർ നോൺ എ.സി. ഇലക്ട്രിക് ബസ്സുകൾ കിഫ്ബി ലോൺ മുഖാന്തരവും സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായ 113 ഒമ്പത് മീറ്റർ നോൺ എ.സി. ഇലക്ട്രിക് ബസ്സുകളും 2 ഓപ്പൺ ഡബിൾ ഡെക്കർ ഇലക്ട്രിക് ബസ്സുകളും ഉൾപ്പെടെ 165 ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തിവരുന്നു.

(സി) ഇലക്ട്രിക് ബസ്സുകൾക്ക് ഡീസൽ ബസ്സുകളെക്കാൾ മൂന്നിരട്ടിയിലധികം മൂലധനചെലവ് കൂടുതലായതിനാലും ഇലക്ട്രിക്കൽ ചാർജിങ് സബ് സ്റ്റേഷൻ ഏർപ്പെടുത്തുന്നതിനുള്ള ചെലവ് ഇലക്ട്രിക് ബസ്സുകളുടെ ആദ്യ രണ്ടുവർഷ വാറന്റി കാലാവധിയ്ക്കുശേഷം ബാറ്ററി മാനേജ്മെന്റ് സിസ്റ്റം, ട്രാക്ഷൻ, മറ്റ് മോട്ടോറുകൾ, ഡ്രൈവ് കൺട്രോളർ, ഇലക്ട്രോണിക്സ് & ഹൈ വോൾട്ടേജ് ഇലക്ട്രിക്കൽ സിസ്റ്റങ്ങൾ തുടങ്ങിയവയ്ക്ക് ഓരോ കിലോമീറ്ററിനും വാഹന നിർമ്മാതാവിന് നൽകേണ്ട AMC (Annual Maintenance Contract) ചാർജ് ആയ 4.61 രൂപ, ഹൈ വോൾട്ടേജ് ബാറ്ററിയുടെ ആയുസ്സ്, ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയിൽ അധിക തുക കണ്ടെത്തൽ എന്നിവ കണക്കിലെടുക്കുമ്പോൾ ഇലക്ട്രിക് ബസ്സുകളിൽ മലിനീകരണ തോത്

കുറവാണെങ്കിലും ക്രമാനുഗതമായി ഇലക്ട്രിക് ബസ്സുകളിലേക്ക് സർവീസുകൾ മാറ്റുവാൻ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയുന്നതല്ല.

ശ്രീ. എം. രാജഗോപാലൻ: സർ, ഈ പ്രതിപക്ഷത്തിന്റേത് അസുരജന്മമാണ്. സഭാവേളയിലെല്ലാം മുടക്കിനിന്നുള്ള തെമ്മാടിത്തരമാണ് ഇവിടെ കാഴ്ചവയ്ക്കുന്നത്. ഞങ്ങൾക്ക് ചെയറിന്റെ മുഖം കാണാൻ സാധിക്കുന്നില്ല.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. എം. രാജഗോപാലൻ: സർ, ഗതാഗത മേഖലയിൽ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം നടത്തി ഗതാഗത വകുപ്പ് കേരളീയ സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വിസ്മയകരമായ നേട്ടങ്ങളുമായി മുന്നോട്ടുപോകുമ്പോൾ അസഹിഷ്ണുതപൂണ്ട/അസൂയപൂണ്ട കേരളത്തിലെ പ്രതിപക്ഷത്തിന് വാക്കുകളില്ല, പ്രതിഷേധിക്കാൻ കഴിയുന്നില്ല. രാഷ്ട്രീയ നാണക്കേട് മാത്രം കൈമുതലായിട്ടുള്ള കേരളത്തിലെ പ്രതിപക്ഷത്തിന്റെ, തെമ്മാടിക്കൂട്ടങ്ങളുടെ .(....ബഹളം....)

മി. സ്പീക്കർ: യെസ്... ബഹുമാനപ്പെട്ട അംഗം ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. എം. രാജഗോപാലൻ: സർ, മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് വരുമാനം വർധിച്ചിട്ടുണ്ടോ; അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം അനുദിനം വർധിച്ചുവരികയാണ്. കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 26 കോടി രൂപയോളം വരുമാനത്തിൽ വർധനവുണ്ട്. യാത്രക്കാരുടെ എണ്ണത്തിൽ ഇരുപത്തിരണ്ടര ലക്ഷത്തിലധികം വർധനവുണ്ട്. ഓരോ മാസവും കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിലെ ഏറ്റവും വലിയ കളക്ഷനായ 10,19,00,000/- രൂപ നേടാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാം ദിവസം, കഴിഞ്ഞ തിങ്കളാഴ്ച 9,41,00,000/- രൂപ കൈവരിക്കാൻ സാധിച്ചു. കെ.എസ്.ആർ.ടി.സി. നഷ്ടം കുറച്ചുകൊണ്ടുവരികയാണ്. പുതിയ ബസ്സുകൾ വാങ്ങുകയും ഡെഡ് മൈലേജ് കുറയ്ക്കാനായി ആവശ്യമില്ലാതെ ഓടുന്ന ബസ്സുകളുടെ എണ്ണം നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. (....ബഹളം....) ആഗസ്റ്റ് മാസത്തിൽ മാത്രം 6,36,00,000/-

രൂപയിൽനിന്നും 6,85,00,000/- രൂപയിലേയ്ക്ക് വരികയും പ്രതിമാസം 15 കോടി രൂപ, ആഗസ്റ്റ് മാസത്തിൽമാത്രം 15,22,00,000/- രൂപ പ്രതിമാസ വർധനവുണ്ടാക്കാൻ സാധിച്ചു. പ്രതിമാസം ഓടിക്കുന്ന കിലോമീറ്റർ പരമാവധി കുറച്ചിട്ടുണ്ട്. അതുപോലെ ഓരോ വാഹനത്തിന്റെയും യാത്രക്കാരുടെ എണ്ണം 1944000-ൽനിന്നും 2029000 ആയി വർധിച്ചിട്ടുള്ളത് ആഗസ്റ്റ് മാസത്തിലെ കണക്കാണ്. (...ബഹളം....) യേണിങ്സ് പെർ കിലോമീറ്റർ 45.79-ൽനിന്നും 49.81 ആയി ഓരോ കിലോമീറ്ററിന്റെയും വരുമാനം വർധിച്ചു. ഓരോ ബസ്സിന്റെയും വരുമാനം 15600-ൽനിന്നും 16768 രൂപയായും അതായത് ഒരു ബസ്സിൽനിന്നും 1168 രൂപവച്ച് വരുമാനം വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അതിനായി സ്മാർട്ട് കാർഡ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കുകയുണ്ടായി. (....ബഹളം....) ഓൺലൈൻ പേയ്മെന്റ് സാധ്യമാക്കാൻ കഴിഞ്ഞതുകൊണ്ട് യാത്രക്കാരുടെ എണ്ണം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വനിതകൾക്കും കുട്ടികൾക്കും വളരെ സൗകര്യപ്രദമായ രീതിയിൽ യാത്രാസൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് കൂടുതൽ യാത്രക്കാരെ ആകർഷിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയുന്നുണ്ട്. (....ബഹളം....)

ശ്രീ. എം. രാജഗോപാലൻ: സർ, ഈ മേഖലയിൽ കാലോചിതമായ പരിഷ്കാരങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് ഗതാഗത വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ നൽകുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, യാത്രക്കാർക്ക് ബസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രഖ്യാപിച്ച പദ്ധതിയാണ് 'സമ്പൂർണ്ണ ശുചിത്വ കേരളം' . (....ബഹളം...) 'മാലിന്യമുക്ത കേരളം' എന്ന പദ്ധതിയിൽ കെ.എസ്.ആർ.ടി.സി. പങ്കാളിയാകുകയും 84 ഡിപ്പോകളിൽ 83 എണ്ണത്തിനും ശുചീകരണത്തിനുള്ള അവാർഡ് നേടാൻ കഴിഞ്ഞിട്ടുമുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെ ഏകദേശം 650 ടൺ മാലിന്യങ്ങളാണ് കെ.എസ്.ആർ.ടി.സി.-യുടെ ബസ്സ് സ്റ്റേഷനുകളിൽനിന്നും മാറ്റിയിട്ടുള്ളത്. (....ബഹളം....) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും വാഹനങ്ങളിലും ഡസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും പ്ലാസ്റ്റിക് കുപ്പികൾ

ഉൾപ്പെടെ മാലിന്യം നിക്ഷേപിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുമുണ്ട്. (....ബഹളം....) യാതൊരു കാരണവശാലും മാലിന്യം അനുവദിക്കുന്ന പ്രശ്നമില്ല. മാലിന്യമുക്തമായ ബസ് സ്റ്റേഷനുകളും സ്ത്രീകൾക്ക് കുടുംബസമേതം ഇരിക്കാൻ സാധിക്കുന്ന എയർ കണ്ടീഷൻ ചെയ്ത വെയിറ്റിങ് റൂമുകളും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും എല്ലാ ബസ് സ്റ്റേഷനുകളിലും ക്യാമറകൾ സ്ഥാപിക്കുന്നതിനും എല്ലാ ബസ്സുകളിലും കുടുംബസമേതം യാത്ര ചെയ്യുമ്പോഴുള്ള സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കെ.എസ്.ആർ.ടി.സി. സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. അക്രഡിറ്റ് ചെയ്ത ഏറ്റവും നല്ല റെസ്റ്റോറന്റുകളിൽ മാത്രമേ എല്ലാ ബസ്സുകളും നിർത്താറുള്ളൂ. സ്ത്രീകൾക്കും പുരുഷന്മാർക്കും രണ്ട് ടോയ്‌ലെറ്റ് വീതവും ഹൈജീനിക്കായ മികച്ച കിച്ചൺ സൗകര്യങ്ങളുള്ള ഹോട്ടലുകളെ ഞങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അത്തരം ഹോട്ടലുകളിൽ മാത്രമേ ബസ്സ് നിർത്തുകയുള്ളൂ. അതുകൊണ്ട് ആളുകൾ യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി.-യെ ഇഷ്ടപ്പെടുന്നുണ്ട്. ടോയ്‌ലെറ്റ് സൗകര്യമില്ലായ്മ കെ.എസ്.ആർ.ടി.സി.-ക്ക് വലിയ ശാപമായിരുന്നു. അതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രധാന ബസ്സ്

സ്റ്റേഷനുകളായ കോട്ടയം, കൊട്ടാരക്കര, എറണാകുളം, ആലുവ, കരുനാഗപ്പള്ളി എന്നിവിടങ്ങളിലെ ടോയ്‌ലെറ്റുകൾ 'സുലഭ' എന്ന സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് അതിന്റെ അന്തരീക്ഷം വൃത്തിയായി സൂക്ഷിക്കാൻ ശ്രമിക്കുന്നുണ്ട്. ഇതെല്ലാം യാത്രക്കാരുടെ എണ്ണം വർധിപ്പിക്കാൻ ഉപകാരപ്രദമാണ്. ഇത് യാത്രക്കാർക്ക് വളരെ അനുയോജ്യമായിരിക്കും.

ശ്രീ. പി. നന്ദകുമാർ: സർ, കാലപ്പഴക്കം ചെന്ന കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകൾ നവീകരിക്കാനും ദീർഘദൂര സർവീസ് വന്നുപോകുന്ന പ്രധാന ബസ് സ്റ്റേഷനുകളിലെ യാത്രക്കാർക്ക് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ദീർഘദൂര യാത്രക്കാർക്ക് കാത്തിരിക്കാനായി എയർ കണ്ടീഷൻ ചെയ്ത വെയിറ്റിങ് റൂമുകൾ നിർമ്മിച്ചിട്ടുണ്ട്. ബസ് സ്റ്റേഷനുകളുടെ നവീകരണത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവുമധികം ബസ് സ്റ്റേഷനുകൾ ഒന്നിച്ച് നവീകരിക്കുന്ന ഒരു സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ അവതരിപ്പിച്ച പദ്ധതികളിൽ ഏകദേശം എല്ലാ വർക്കുകളും ഈ ഒരു വർഷത്തിനിടയിൽ ടെൻഡർ ലെവലിൽ എത്തിയിട്ടുണ്ട്. കൊട്ടാരക്കര, ചെങ്ങന്നൂർ, ചങ്ങനാശ്ശേരി, തൃശ്ശൂർ, മലപ്പുറം എന്നിവ അതിൽ പ്രധാന സ്റ്റേഷനുകളാണ്. മലപ്പുറം ബസ് സ്റ്റേഷന്റെ ഒന്നാം ഘട്ടം പൂർത്തിയായി ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. കോതമംഗലം ബസ് സ്റ്റേഷൻ മറ്റന്നാൾ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. കായംകുളം, ആറ്റിങ്ങൽ ബസ് സ്റ്റേഷനുകളുടെ നവീകരണം നടക്കുകയാണ്. ( ....ബഹളം....) ഈ ബഹളം കാണുമ്പോൾ എനിക്ക് ഏറ്റവും സങ്കടകരമായി തോന്നുന്നത്, കെ.എസ്.ആർ.ടി.സി.-യുടെ ഐ.എൻ.ടി.യു.സി. യൂണിയന്റെ പ്രസിഡന്റായ ഒരു അംഗം ഈ ബഹളത്തിനിടയിലുണ്ട് എന്നുള്ളതാണ്. ഇന്നലെ അദ്ദേഹം സ്പീക്കറുടെ ഡയസിലേക്ക് തള്ളിക്കയറാനും മുഖ്യമന്ത്രിയെ ആക്രമിക്കാനും ശ്രമിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ബസ് സ്റ്റേഷനുകളിലും അദ്ദേഹം കൈചൂണ്ടിനിൽക്കുന്ന ഫോട്ടോയുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി അതെല്ലാം എടുത്തുമാറ്റാൻ ആവശ്യപ്പെട്ടു. കാരണം അദ്ദേഹം അതിന് യോഗ്യനല്ല. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള എം.എൽ.എ.-മാരിൽ

ബഹുഭൂരിപക്ഷംപേരും അവരുടെ എം.എൽ.എ. ഫണ്ടിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് കമ്പ്യൂട്ടർ വാങ്ങാനും ബസ് സ്റ്റേഷൻ നവീകരണത്തിനും പണം നൽകിയിരുന്നു. എന്നാൽ ഒരു പൈസയും നൽകാതിരുന്നത് കോവളം എം.എൽ.എ. മാത്രമാണെന്ന് പറയുന്നതിൽ എനിക്ക് ദുഃഖമുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് കമ്പ്യൂട്ടർ വാങ്ങാൻ ഐ.എൻ.ടി.സി.-യുടെ ഈ പ്രസിഡന്റ് ഒഴികെ ഭരണ-പ്രതിപക്ഷത്തുള്ള എല്ലാ എം.എൽ.എ.-മാരും പണം നൽകി. വിഴിഞ്ഞം ബസ് സ്റ്റേഷൻ നന്നാക്കിയത് അവിടെയുള്ള ഒരു ഹോട്ടൽ ഉടമയുടെ സ്പോൺസർഷിപ്പിലാണ്. ഇതുകേട്ട് അദ്ദേഹം ലജ്ജിക്കണം. ഞാൻ കെ.എസ്.ആർ.ടി.സി.-യുടെ സി.എം.ഡി. വഴി ഹോട്ടലുടമയോട് പറഞ്ഞപ്പോൾ അവരാണ് അത് വൃത്തിയാക്കിയത്. ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ച ബസ് സ്റ്റേഷനുകളിൽ, വിഴിഞ്ഞം ബസ് സ്റ്റേഷന് പണം മാറ്റിവച്ചിട്ടുണ്ട്. ആ ബസ് സ്റ്റേഷന്റെ പ്രവൃത്തി ആരംഭിക്കണമെന്ന് ടി എം.എൽ.എ. എന്നോട് ആവശ്യപ്പെടേണ്ട, ഞാൻ ഒരു മന്ത്രിയായതുകൊണ്ട് എന്നോട് ആവശ്യപ്പെടേണ്ട, കാരണം അതിൽ രാഷ്ട്രീയം കാണും. എന്നാൽ അദ്ദേഹം ഉദ്യോഗസ്ഥരെപ്പോലും സമീപിച്ചിട്ടില്ല എന്ന ലജ്ജാകരമായ

കാര്യം ഈ അവസരത്തിൽ പറയാതിരിക്കാൻ കഴിയുന്നില്ല. കാരണം അദ്ദേഹമാണ് ഈ ബഹളത്തിന്റെ മുൻപന്തിയിൽ നിൽക്കുന്നത്. കെ.എസ്.ആർ.ടി.സി.-യോടും തന്റെ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയോടും അദ്ദേഹത്തിന് യാതൊരു താൽപര്യവുമില്ല. എന്നിട്ടും അദ്ദേഹം ഐ.എൻ.ടി.യു.സി.-യുടെ നേതാവാണെന്നാണ് പറയുന്നത്. എല്ലാ എം.എൽ.എ.-മാരുടെയും സഹകരണത്തിന് ഞാൻ നന്ദി പറയുന്നു. ഒരുപാട് ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനായി എം.എൽ.എ.-മാർ രാവും പകലും സമീപിക്കാറുണ്ട്. ഞാൻ ഇപ്പോൾ ഭരണപക്ഷത്തെക്കുറിച്ച് പറയുകയല്ല, പ്രതിപക്ഷത്തുള്ള മലപ്പുറം എം.എൽ.എ. രാവും പകലും അദ്ദേഹത്തിന്റെ ബസ് സ്റ്റേഷനുവേണ്ടി പ്രവർത്തിക്കാറുണ്ട്. എപ്പോഴും എല്ലാ ഉദ്യോഗസ്ഥരും, ഭരണപക്ഷത്തെ പുകഴ്ത്തി പറയുകയല്ല, അത്തരം താൽപര്യമുള്ളവർ പ്രതിപക്ഷത്തുമുണ്ടെന്ന് ഞാൻ സൂചിപ്പിച്ചെന്നുമാത്രം. പല ബസ് സ്റ്റേഷനുകളുടെയും നവീകരണത്തിൽ ഇത്തരം എം.എൽ.എ.-മാരുടെ സജീവ സഹകരണം വളരെ ഉപകാരപ്പെട്ടിട്ടുണ്ടെന്ന് ഞാൻ ഈ അവസരത്തിൽ വ്യക്തമാക്കുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, പുതുതായി നിരത്തിലിറക്കിയ ബസ്സുകളിൽ എന്തെല്ലാം ആധുനിക സൗകര്യങ്ങളാണുള്ളത്; ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്; കൂടുതലായി എത്ര ബസ്സുകളാണ് ഈ വർഷം നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നത്? അതോടൊപ്പം തൃശ്ശൂർ ബസ് സ്റ്റേഷനെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. നവകേരള സദസ്സിന്റെ ഭാഗമായുള്ള നിർദ്ദേശങ്ങളിൽപ്പെട്ട ടി ബസ് സ്റ്റോപ്പിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഗ്രാമപ്രദേശങ്ങളിലും തീരദേശങ്ങളിലും ഓടുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി. പുതിയ മിനി ബസ്സുകൾ വാങ്ങിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന മലയോര പ്രദേശങ്ങൾ, ഗിരി വർഗ്ഗ മേഖലകൾ, വന മേഖലകൾ എന്നിവടങ്ങളിൽ ഓടുന്നതിനായി മിനി ബസ് വാങ്ങി. കേരളത്തിൽ കെ.എസ്.ആർ.ടി.സി. തെക്കുനിന്ന് വടക്കോട്ടും വടക്കുനിന്ന് തെക്കോട്ടും ഓടുന്നതാണ് എപ്പോഴും കാണുന്നത്. അതിൽനിന്നും വ്യത്യസ്തമായി ലിങ്ക് ബസ്സുകൾ വാങ്ങിയിരിക്കുകയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ ചെറിയ ഫാസ്റ്റ് പാസഞ്ചർ ബസ്സാണ് ലിങ്ക് ബസ്സുകൾ. ഈ ലിങ്ക് ബസ്സുകൾ കേരള സംസ്ഥാനത്തിന്റെ കിഴക്കുനിന്ന് പടിഞ്ഞാറോട്ടും പടിഞ്ഞാറുനിന്നും കിഴക്കോട്ടുമാണ് ഓടുന്നത്. മലയോരമേഖലകളെ തീരദേശവുമായി ബന്ധിപ്പിക്കുന്ന സർവീസായി ലിങ്ക് ബസ്സിനെ അവതരിപ്പിച്ചിരിക്കുകയാണ്. എയർ കണ്ടീഷൻ ചെയ്ത മിനി സൂപ്പർ ഫാസ്റ്റ് പ്രീമിയം ബസ്സുകൾ ആരംഭിച്ചിട്ടുണ്ട്. അത് വലിയ വിജയമായിരുന്നു. 40 സീറ്റുകളുള്ള എയർ കണ്ടീഷൻ ചെയ്ത മിനി സൂപ്പർ ഫാസ്റ്റ് പ്രീമിയം ബസ്സുകൾ, പുതിയ സൂപ്പർ ഫാസ്റ്റ് ബസ്സുകൾ, എയർകണ്ടീഷൻ ചെയ്ത വോൾവോയുടെ സീറ്റർ ബസുകൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്. എയർകണ്ടീഷൻ ചെയ്ത വോൾവോയുടെ രണ്ട് ഫുൾ സ്ലീപ്പർ ബസ്സുകൾ ആരംഭിക്കാനിരിക്കുകയാണ്. അന്തർസംസ്ഥാനത്തേയ്ക്ക് ഓടുന്ന ബസ്സുകൾ ബഹുഭൂരിപക്ഷവും എയർകണ്ടീഷനാക്കി മാറ്റുകയാണ്. അതിൽ സ്ലീപ്പർ-കം-സീറ്ററുണ്ട്. അങ്ങനെ വിവിധ സൗകര്യങ്ങളുള്ള ബസ്സുകൾ രംഗത്തുവന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്, തൃശ്ശൂർ ബസ് സ്റ്റേഷനെക്കുറിച്ചാണ്. അതിന് നവകേരള ഫണ്ടിൽനിന്നും ഏഴുകോടി രൂപ അനുവദിക്കുകയും ബാക്കി തുക ശ്രീ. പി. ബാലചന്ദ്രൻ എം.എൽ.എ.-യുടെ

ഫണ്ടിൽനിന്നുകൂടി ഉപയോഗിച്ച് പതിനൊന്നര കോടി രൂപ ചെലവുള്ള ബസ് സ്റ്റേഷന്റെ രൂപകല്പന പൂർത്തിയായിവരുന്നു. പഴയ ബസ് സ്റ്റേഷൻ പൊളിച്ചുമാറ്റുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ഉടൻതന്നെ പൊളിച്ചുമാറ്റുകയും ചെയ്യുന്നതാണ്. രണ്ടോമൂന്നോ മാസത്തിനുള്ളിൽ അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്ന വിധത്തിൽ അതിന്റെ പ്ലാനും പദ്ധതികളും റെഡിയായിട്ടുണ്ട്. കേരളത്തിലെ ബസ് സ്റ്റേഷനുകളുടെ നിലവിലുള്ള രൂപകല്പനയിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിമാനത്താവളത്തേക്കാൾ മനോഹരമായ ബസ് സ്റ്റേഷനുകളാണ് ഇനി വരാൻ പോകുന്നത്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് നൂതനമായ പദ്ധതികൾ നടപ്പാക്കി പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യെ മുന്നോട്ട് നയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് സർക്കാരും ഗതാഗത വകുപ്പും മുന്നോട്ടുപോകുകയാണ്. ടിക്കറ്റ് വരുമാനം സർവകാല റിക്കോർഡിലേക്ക് ഉയർന്നിരിക്കുന്നു. ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തിയും മിതനിരക്കിലുള്ള ഡ്രൈവിങ് സ്കൂളുകൾ നടപ്പാക്കിയും ഡിപ്പോകളെ

സ്വയംപര്യാപ്തമാക്കാൻ സാധിച്ചിട്ടുണ്ട്. ഒട്ടനവധി ദേശസാത്കൃത റൂട്ടുകൾ കൈകാര്യം ചെയ്യുന്ന ഡിപ്പോയാണ് പയ്യന്നൂർ. എനിക്ക് ഉന്നയിക്കാനുള്ള വിഷയം, അവിടെ വിദ്യാർഥികളുടെ കൺസഷൻ വിതരണം കാര്യക്ഷമമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; ജീവനക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പുതിയ ബസ്സുകൾ വടക്കൻ കേരളത്തിലെ ഡിപ്പോകളിലേയ്ക്കുകൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, തീർച്ചയായും പുതിയ ബസ്സുകൾ എല്ലാ ബസ് സ്റ്റേഷനുകളിലേയ്ക്കും അനുവദിക്കും. മുമ്പ് ചോദിച്ച ചോദ്യത്തിന് പറയാൻ വിട്ടുപോയ മറുപടി ഞാൻ പറയാം. 126 ബസ്സുകൾ ഇതുവരെ രംഗത്തുവന്നു. ഏതാണ്ട് 360-ൽ അധികം ബസ്സുകൾ ഇനി വാങ്ങും. 130 കോടി രൂപയ്ക്ക് ബസ്സുകൾ വാങ്ങാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതിൽ നൂറ്റിയിരുപത്തിയാറോളം ബസ്സുകൾ വന്നിട്ടുണ്ട്. ബാക്കിയുള്ള ബസ്സുകൾ വന്നുകൊണ്ടിരിക്കുകയാണ്. അടുത്ത ആറ് മാസത്തേയ്ക്ക് ബസ്സുകൾ വന്നുകൊണ്ടിരിക്കും. എല്ലാം നിർമ്മാണ ഘട്ടത്തിലാണ്. അത് വളരെ വേഗത്തിൽ വന്നുതുടങ്ങിയിട്ടുണ്ട്. അതുപോലെ പയ്യന്നൂരിനെക്കുറിച്ച്

അദ്ദേഹം പറഞ്ഞതുപോലെ, കുട്ടികളുടെ കൺസഷനെ സംബന്ധിച്ച് പയ്യന്നൂരിൽ മാത്രമല്ല, ഇടതുപക്ഷ മുന്നണി സർക്കാർ കഴിഞ്ഞ വർഷം മുതൽ കൺസഷൻ നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നത് ഒരു ആപ്പിലൂടെയാണ്. ഇങ്ങനെ ആപ്പിലൂടെ സ്വീകരിക്കുന്ന കൺസഷൻ പേപ്പറിൽ എഴുതികൊടുക്കുന്ന രീതിയുണ്ട്. അത് എഴുതുന്നതിന് മൂന്ന് ജീവനക്കാർ വേണം, അത് ബുദ്ധിമുട്ടാണ്. അത് ഒഴിവാക്കി പഞ്ച് ചെയ്തിട്ടുള്ള സ്മാർട്ട് കാർഡുകൾ കുട്ടികൾക്ക് നൽകുന്നുണ്ട്. എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടിക്ക് ഒറ്റത്തവണയായി നൽകുകയാണ്. എല്ലാവർഷവും അത് കണ്ടക്ടറുടെ കൈവശം നൽകി പുതുക്കുന്ന ജോലി മാത്രമേ കുട്ടിക്കുള്ളൂ. എപ്പോഴും അപേക്ഷ നൽകേണ്ട ആവശ്യമില്ല. പ്ലസ്ടു-വിന് പഠിക്കുന്ന കുട്ടിക്ക് രണ്ടുവർഷത്തേയ്ക്കും ഡിഗ്രിക്ക് പഠിക്കുന്ന കുട്ടിക്ക് മൂന്നുവർഷത്തേയ്ക്കുമായിരിക്കും നൽകുന്നത്. ഇത് കണ്ടക്ടറുടെ കൈവശം നൽകിയാൽ റീഡ് ചെയ്യും. ഇത് സ്മാർട്ട് കാർഡ് ആയതിനാൽ നഷ്ടപ്പെടാതെ സൂക്ഷിക്കണം. മാത്രമല്ല, സർക്കാർ ഇതിന്റെ ദിവസങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. ഒരു മാസത്തിൽ രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയുമൊഴികെ ഇരുപത്തിയഞ്ച് ദിവസവും കുട്ടികൾക്ക് ഈ കാർഡ്

ഉപയോഗിക്കാം. ഒരു ദിവസം രണ്ടുപ്രാവശ്യം വേണമെങ്കിലും കാർഡ് ഉപയോഗിക്കാം. അതിനനുസരിച്ച് പഞ്ചിങ് കുറഞ്ഞുവരും. ഒരു മാസത്തിൽ ഇരുപത്തിയഞ്ച് ദിവസമായി കുട്ടികളുടെ കൺസഷൻ സൗകര്യം വർധിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എല്ലാം സ്മാർട്ട് കാർഡായി മാറുന്നതിലൂടെ  ജീവനക്കാരുടെ ജോലി ഭാരം കുറയുകയും കാർഡ് കളക്ട് ചെയ്യുന്നതിലൂടെ കുട്ടികളുടെ സമയവും ബുദ്ധിമുട്ടും ഒഴിവാകുകയും ചെയ്യും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം കുട്ടികൾക്കായുള്ള സ്മാർട്ട് കൺസഷൻ കാർഡ് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. എല്ലാ ബസ് സ്റ്റേഷനുകളിലേയ്ക്കും 75000 കാർഡുകൾ അയച്ചുകൊടുത്തിട്ടുണ്ട്. ഇനിമുതൽ കുട്ടികൾക്ക് പേപ്പറിൽ കൺസഷൻ നൽകാൻ പാടില്ല. പഞ്ച് ചെയ്തുനൽകുന്ന സ്മാർട്ട് കാർഡ് മാത്രമെ നൽകാൻ പാടുള്ളൂവെന്ന സി.എം.ഡി.-യുടെ നിർദേശവും ലഭ്യമാക്കിയിട്ടുണ്ട്. പയ്യന്നൂർ മാത്രമല്ല, കാസർഗോഡ് ജില്ലയുൾപ്പെടെ എല്ലാ ബസ് സ്റ്റേഷനുകളിൽനിന്നും  കൂടുതൽ വരുമാനം ലഭിക്കും. നാഷണലൈസ്ഡ് റൂട്ടുകൾ പരമാവധി ഉപയോഗപ്പെടുത്താനാണ് കെ.എസ്.ആർ.ടി.സി.-യുടെ തീരുമാനം. പ്രൈവറ്റ് ബസ്സുമായി മത്സരിച്ച് നഷ്ടമുണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ നാഷണലൈസ്ഡ് റൂട്ടുകളെ

കൂട്ടതൽ ശക്തിപ്പെടുത്തിക്കൊണ്ട് അതിലൂടെ വണ്ടിയോടിച്ച് കൂട്ടതൽ ലാഭമുണ്ടാക്കാനാണ് കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, ഇത് അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായ കാര്യമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു സ്പെഷ്യൽ ടീമിനെ നിശ്ചയിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ നടക്കുന്ന ഏത് സമരത്തിനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം വേണമെന്നാണ് പറയുന്നത്. ഹൈക്കോടതി അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഒരു ജനാധിപത്യവേദിയെ നിരന്തരമായി തടസ്സപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ ഈ നീക്കം അങ്ങേയറ്റം അപകടകരമാണ്. കെ.എസ്.ആർ.ടി.സി. നല്ല രീതിയിലുള്ള മുന്നേറ്റമാണ് ഈ കാലയളവിൽ നേടിയിട്ടുള്ളത്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ ഈ ഓണത്തിന് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നല്ലരീതിയിൽ അഡ്വാൻസായി ശമ്പളം നൽകുകയുണ്ടായി. പൊതുവിൽ കെ.എസ്.ആർ.ടി.സി. മെച്ചപ്പെടുന്ന സ്ഥിതിയാണുള്ളത്. ഈ മേഖലയിൽ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്ന പ്രത്യേക ഇനിഷ്യേറ്റീവിന് കേരളത്തിൽ വലിയ അംഗീകാരവും സ്വീകാര്യതയുമാണ് ലഭിക്കുന്നത്.

ബഹുമാനപ്പെട്ട മന്ത്രി ജീവനക്കാർക്കും മറ്റുള്ളവർക്കും ചെയ്യുന്നതുപോലെ കെ.എസ്.ആർ.ടി.സി.-യിൽ മാത്രം യാത്ര ചെയ്യുന്ന, നമ്മുടെ നാട്ടിലെ പൊതുമേഖല ഗതാഗത സംവിധാനത്തെ മാത്രം ആശ്രയിക്കുന്ന യാത്രക്കാർക്കുകൂടി എന്തെങ്കിലും പദ്ധതികൾ പ്രത്യേകമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഏറ്റവും കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതോടൊപ്പം കെ.എസ്.ആർ.ടി.സി. വിജയത്തിലേയ്ക്കും നീങ്ങുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും യാത്രക്കാരുടെയും നല്ലരീതിയിലുള്ള സഹകരണവും സ്നേഹത്തോടെയുള്ള സമീപനവുംകൊണ്ട് കെ.എസ്.ആർ.ടി.സി. മുന്നേറുകയാണ്. നിലവിൽ ടി ജീവനക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ ഒരു ജീവനക്കാരൻ ആക്സിഡന്റിൽ മരണപ്പെട്ടാൽ ഒരു കോടി രൂപ ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയാണ്. കേരളത്തിലെ ഏറ്റവും ഉയർന്ന ഇൻഷ്വറൻസ് തുകയാണിത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ ഒരു തൊഴിലാളി മരണപ്പെടുകയുണ്ടായി, അദ്ദേഹത്തിന്റെ കുടുംബത്തിന് ഏതാനും ദിവസങ്ങൾക്കകം ആദ്യത്തെ

Uncorrected/Not for publication
09-10-2025

ഒരുകോടി രൂപ കൈമാറാൻ പോകുകയാണ്. ആ കുടുംബത്തിൽ പെൺകുട്ടികളുണ്ടെങ്കിൽ, പിതാവിന്റെ/മാതാവിന്റെ മരണശേഷം ടി കുട്ടികളുടെ വിവാഹത്തിന് പത്തുലക്ഷം രൂപ ഈ ഇൻഷ്വറൻസ് വഴി ലഭിക്കും. കൂടാതെ പഠിക്കുന്ന കുട്ടികളുണ്ടെങ്കിൽ അവരുടെ ഉന്നത വിദ്യാഭ്യാസത്തിനായി ഒരു കുട്ടിക്ക് അഞ്ച് ലക്ഷം രൂപ വീതം രണ്ടുപേർക്കുമായി പത്ത് ലക്ഷം രൂപ വരെ ലഭിക്കും. ഇത്രയും വലിയ ഇൻഷ്വറൻസ് തുകയും ആനുകൂല്യങ്ങളും കേരളത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ മാത്രമാണുള്ളത്. ഒരു ജീവനക്കാരൻ ഒരു വർഷം 1,500/- രൂപ അടച്ചാൽ രണ്ട് ലക്ഷം മുതൽ പതിനഞ്ച് ലക്ഷം രൂപവരെയും 2,500/- രൂപ അടക്കുകയാണെങ്കിൽ മൂന്ന് ലക്ഷം മുതൽ മുപ്പത് ലക്ഷം രൂപ വരെയുമുള്ള ചികിത്സ കേരളത്തിലെ ഏത് ഉന്നത ആശുപത്രിയിലും സൗജന്യമായി ലഭിക്കും. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ടി തുകകൾ കെ.എസ്.ആർ.ടി.സി. ഈടാക്കില്ല, അത് അവർതന്നെ അടയ്ക്കണം. ഇപ്രാവശ്യത്തെ ഓണത്തിന് ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകിയപ്പോൾ എല്ലാ ഡിപ്പോയിലും ഓണം ആഘോഷിക്കുകയും ആ സന്തോഷത്തിൽ നാം പങ്കുചേരുകയും അതിന്

വലിയ വിജയമുണ്ടാകുകയും ചെയ്തു. എന്നാൽ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം വർധിക്കുമ്പോൾ ജനങ്ങൾക്കും ഗുണമുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിൽ, 2012-ൽ ഇറക്കിയ ഒരു സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന 'റീജിയണൽ കാൻസർ സെന്ററുകളിലേയ്ക്ക്' എന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുവാദത്തോടെ ഞാൻ മാറ്റം വരുത്തുകയാണ്. ഇത് പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ എന്നെ അനുവദിക്കണം. പ്രതിപക്ഷത്തിന് ഇതൊന്നും കേൾക്കാൻ താൽപര്യം കാണില്ല.

മി. സ്പീക്കർ: യെസ്.........യെസ്..........അങ്ങ് പ്രഖ്യാപിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, (.....ബഹളം.....) ബഹുമാനപ്പെട്ട ഹൈക്കോടതി അന്വേഷണം പ്രഖ്യാപിച്ചിട്ടും അതുപോരെങ്കിൽ നിങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോകണം. അല്ലാതെ ആ അന്വേഷണത്തിനുമേൽ ഉത്തരവിടാൻ മുഖ്യമന്ത്രിക്കോ കാബിനറ്റിനോ അധികാരമില്ല. ഇത് നിങ്ങൾക്കുവേണ്ടിയുള്ളതല്ല, ജനങ്ങൾക്കുവേണ്ടിയുള്ള പ്രഖ്യാപനമാണ്. 2012-ൽ പുറപ്പെടുവിച്ച ഉത്തരവിൽ 'കാൻസർ സെന്ററിലേയ്ക്ക് പോകുന്നവർക്ക് അമ്പത് ശതമാനം ഫാസ്റ്റ് പാസഞ്ചർ മുതൽ

ഓർഡിനറി ബസ് എന്ന സൂചിപ്പിച്ചിരിക്കുന്നതിൽ മാറ്റം വരുത്തി 'സൂപ്പർ ഫാസ്റ്റ് മുതൽ താഴോട്ടുള്ള എല്ലാ ബസ്സുകളിലും' കാൻസർ രോഗത്തിന്റെ ചികിത്സയ്ക്കായി മലബാർ കാൻസർ സെന്ററിലും തിരുവനന്തപുരം ആർ.സി.സി.-യിലും മറ്റ് ഏത് ആശുപത്രിയിലേയ്ക്കും റേഡിയേഷനും കീമോയ്ക്കുമായി കേരളത്തിൽ യാത്ര ചെയ്യുന്ന രോഗികൾക്ക് സമ്പൂർണ്ണ സൗജന്യം കെ.എസ്.ആർ.ടി.സി. നൽകുന്നതായിരിക്കും.

മി. സ്പീക്കർ: കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ കൂടിയുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അതെല്ലാമുണ്ട്. പ്രസ്തുത ചികിത്സയ്ക്കായി പ്രൈവറ്റ് ആശുപത്രിയിൽ പോകുകയാണെങ്കിലും ഈ ആനുകൂല്യം ലഭിക്കും. കീമോയ്ക്കും റേഡിയേഷനും പോകുന്നവർ ഏത് ആശുപത്രിയിലേയ്ക്കാണെങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർഫാസ്റ്റ് മുതൽ താഴോട്ടുള്ള എല്ലാ ബസ്സുകളിലും സമ്പൂർണ്ണ സൗജന്യ യാത്ര ലഭ്യമാക്കുമെന്ന് സർക്കാർ പ്രഖ്യാപിക്കുകയാണ്.

മി. സ്പീക്കർ: യെസ്.....യെസ്.....Thank you.

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതുമേഖലാ വ്യവസായം തകർച്ചയിൽനിന്നും മാറ്റിയെടുക്കുന്ന അങ്ങയുടെ

പരിശ്രമത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. വളരെ പ്രധാനപ്പെട്ട നാൽപ്പതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയിലെ സ്ഥാപനം സംരക്ഷിക്കുന്നതിനും ദശലക്ഷക്കണക്കിന് വരുന്ന യാത്രക്കാർക്ക് സൗകര്യപ്രദമായ യാത്ര ഒരുക്കുക എന്നുള്ള പ്രധാനപ്പെട്ട ചർച്ച നടക്കുമ്പോൾ കനഗോലു സിദ്ധാന്തവുമായി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന പദ്ധതി ഈ വിദ്യാസമ്പന്നമായ കേരളത്തിനകത്തുള്ള രാഷ്ട്രീയത്തെ മലീമസമാക്കുന്നതിനുവേണ്ടി ഇവിടെ ആവശ്യമില്ലാത്ത സമരം നടത്തുന്ന പ്രതിപക്ഷത്തെ ഒറ്റപ്പെടുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രിയപ്പെട്ട മന്ത്രിയോട് ഒരു ചോദ്യം. നെയ്യാറ്റിൻകര സമ്പൂർണ്ണമായും ദേശസാൽകൃതമായ റൂട്ടാണ്. അവിടേയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതിനുവേണ്ടി നിരവധി തവണ അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. അതിന് അങ്ങ് കുറച്ചുകൂടി ഇടപെടലുകൾ നടത്തി യാത്രാസൗകര്യം വർധിപ്പിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിക്കും ശ്രീ. ചാണ്ടി ഉമ്മനുമൊക്കെ ഞാൻ പറഞ്ഞ കാൻസർ രോഗികൾക്കുള്ള പ്രഖ്യാപനം തമാശയായും ഷെയിമായും തോന്നിയതിൽ

എനിക്ക് സങ്കടമുണ്ട്. 2012-ലെ ഉത്തരവിൽ, (....ബഹളം....) നാളെ പറയാൻ പോകുന്നത് ഉമ്മൻചാണ്ടി കൊടുത്തതാണെന്നായിരിക്കും. അങ്ങനെയല്ല. 2012-ലെ ഉത്തരവ് എന്റെ കൈയിലുണ്ട്. അതിൽ പറയുന്നത് ഓർഡിനറി ബസ്സുകൾ, സിറ്റി ബസ്സുകൾ എന്നാണ്. തിരുവനന്തപുരം സിറ്റി ബസ് ഓടുന്നത് സിറ്റിയ്ക്കകത്താണ്. ആർ.സി.സി.-യിലേയ്ക്കും മെഡിക്കൽ കോളേജിലേയ്ക്കും ഓർഡിനറി ബസ് പരമാവധി നെടുമങ്ങാടുനിന്നും ആറ്റിങ്ങലിൽനിന്നും തിരുവനന്തപുരംവരെ വരും. സർക്കാർ പ്രഖ്യാപനം അതല്ല, കേരളത്തിലെ ഏത് സ്ഥലത്തുനിന്നും അവർ ചികിത്സിക്കുന്ന ആശുപത്രിയിലെ ഡോക്ടർ സർട്ടിഫിക്കറ്റ് നൽകിയാൽ അവർക്ക് പാസ്സ് ഇഷ്യൂ ചെയ്യും. സൂപ്പർഫാസ്റ്റ് മുതൽ താഴോട്ടുള്ള എല്ലാ ബസ്സുകളിലും അവർക്ക് സൗജന്യ യാത്ര എന്നാണ് പ്രഖ്യാപിക്കുന്നത്. എന്നാൽ 2012-ലെ ഉത്തരവ് കാണിച്ചുകൊണ്ട് ആരും നാളെ വരേണ്ടതില്ല. അത് അമ്പത് ശതമാനമേയുള്ളൂ. സിറ്റി ബസ്സിൽ നെടുമങ്ങാടുനിന്ന് കയറി തിരുവനന്തപുരം ആർ.സി.സി.-യിൽ ഇറങ്ങുന്ന ഒരാളിന് കൊടുക്കേണ്ടിവരുന്നത് 20 രൂപയിൽ താഴെയാണ്. അതിന്റെ കൺസഷൻ പത്തുരൂപയിൽ താഴെയായിരുന്നു. എന്നാൽ ഇത് അങ്ങനെയല്ല. കോഴിക്കോട്ടുനിന്നും ഒരാൾ

തിരുവനന്തപുരം ആർ.സി.സി.-യിൽ ചികിത്സയ്ക്ക് വരുന്നുണ്ടെങ്കിൽ അയാൾക്ക് സൂപ്പർ ഫാസ്റ്റിൽ വരാനുള്ള പൈസ സമ്പൂർണ്ണമായി ഫ്രീയാണ്. ഇത് കേൾക്കുമ്പോൾ ഷെയിം ഷെയിം എന്നു തോന്നിയതിൽ അത്ഭുതമില്ല. അദ്ദേഹം നെയ്യാറ്റിൻകരയെക്കുറിച്ച് പറഞ്ഞു. നെയ്യാറ്റിൻകര ബസ് സ്റ്റേഷൻ (......ബഹളം.....) നാട്ടുകാർക്ക് തോന്നുന്നുണ്ട് ഈ കാണിക്കുന്നതൊക്കെ ഷെയിം ഷെയിം ആണെന്ന്. പുറത്ത് ആളുകൾ പറയുന്നുണ്ട്, രണ്ടുമൂന്ന് ദിവസമായി കാണിക്കുന്ന ഈ കോമാളിത്തരങ്ങൾ. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. നെയ്യാറ്റിൻകര, കാട്ടാക്കട, പാറശ്ശാല ഇവയെല്ലാം നാഷണലൈസ്ഡ് സെക്ടറുകളാണ്. മിനി ബസ്സുകളടക്കം പുതിയ വണ്ടികൾ വരികയാണ്. ആ വരുന്ന വണ്ടികൾ ആവശ്യാനുസരണം നെയ്യാറ്റിൻകരയ്ക്ക് നൽകും. നാഷണലൈസ്ഡ് സെക്ടറുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തീർച്ചയായും അതുണ്ടാകും. ഇവിടെ മാത്രമല്ല. കാസർഗോഡുനിന്നും മംഗലാപുരത്തേയ്ക്കും ബഹുമാനപ്പെട്ട എം.എൽ.എ.-മാരും ബസ്സുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേയിലൂടെയും സ്റ്റേറ്റ് ഹൈവേയിലൂടെയുമുള്ള എല്ലാ പെർമിറ്റുകളും നമുക്ക് ഉപകരിക്കും. കൂടാതെ ലിങ്ക് ബസ്സുകളും ആരംഭിക്കുന്നുണ്ട്. ശ്രീ. പി. എസ്. സുപാലിന്റെ നിയോജക

മണ്ഡലത്തിലെ പുനലൂരിൽനിന്നും ശിവഗിരിയിലേയ്ക്കും വർക്കലയിലേയ്ക്കും ലിങ്ക് ബസ്സുകൾ രണ്ടുമൂന്ന് ദിവസത്തിനകം ആരംഭിക്കും. ബസ്സുകൾ എത്തിയിട്ടുണ്ട്. അതാണ് കിഴക്കുനിന്നും പടിഞ്ഞാറോട്ടും പടിഞ്ഞാറുനിന്നും കിഴക്കോട്ടും എന്ന് ഞാൻ പറഞ്ഞത്.

ഡോ. സുജിത് വിജയൻപിള്ള: സർ, പ്രതിദിന വരുമാനം റെക്കോർഡിൽനിന്നും റെക്കോർഡിലേയ്ക്ക് ഉയർത്തുകയും റെക്കോർഡുകൾ സ്വയം തീർക്കുകയും ചെയ്യുന്ന കെ.എസ്.ആർ.ടി.സി.-യെ അഭിനന്ദിക്കുകയും അതിന് നേതൃത്വം നൽകുന്ന വകുപ്പ് മന്ത്രിക്ക് എല്ലാവിധ അഭിനന്ദനങ്ങളും അഭിവാദ്യവും ചെയ്യുകയുമാണ്. കൊല്ലം ബൈപ്പാസ് ഉൾപ്പെടെ നിരവധി ബസ്സുകൾ നിത്യേന ഓടുന്ന റൂട്ടുകളിൽ സ്റ്റുഡന്റ്സ് കൺസഷൻ ലഭിക്കുന്നില്ല. ചവറ മണ്ഡലത്തിലെ ഗുഹാനന്ദപുരം സ്കൂളിലേയ്ക്ക് ടെർമിനേറ്റ് ചെയ്യുന്ന ബസ് മെയിൻ റോഡിൽനിന്നും കേവലം അര കിലോമീറ്റർ താഴെവരെ മാത്രമാണ് പോകുന്നത്. കൺസഷൻ അവസാനിച്ചിരിക്കുന്നുവെന്നും ടിക്കറ്റെടുക്കണമെന്നും അല്ലെങ്കിൽ അവിടെ ഇറങ്ങണമെന്നും കുട്ടികളോട് അവർ പറയുകയാണ്. ഇത് പരിഷ്കരിക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

Uncorrected/Not for publication
09-10-2025

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അക്കാര്യം പരിശോധിച്ചശേഷം പറയാം. ഇപ്പോൾ ഉറപ്പ് പറയാൻ കഴിയില്ല. ഒരു പർട്ടിക്കുലർ റൂട്ടിനെക്കുറിച്ച് പരിശോധിച്ചശേഷം മാത്രമേ മറുപടി പറയാൻ കഴിയുകയുള്ളൂ. കുട്ടികളുടെ കൺസഷനെ സംബന്ധിച്ച് നിലവിൽ ഒരു മാനദണ്ഡമുണ്ട്. അതനുസരിച്ച് ഒരു ബസ്സ് മാത്രമുള്ളിടത്തും ഒരു ബസ് ആരംഭിച്ച് രണ്ട് വർഷം കഴിയാതെയും കൺസഷനില്ല. ഓർഡിനറി ബസ്സിൽ മാത്രമേ കൺസഷനുള്ളൂ. അങ്ങനെ നിരവധി കാര്യങ്ങൾ അതുസംബന്ധിച്ചുണ്ട്. അതുകൊണ്ട് പ്രസ്തുത വിഷയം പരിശോധിച്ചശേഷം പറയാം. ഇന്ന് രാവിലെ ചേരുന്ന കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിൽവച്ച് കാൻസറുമായി ബന്ധപ്പെട്ട് കൺസഷൻ നൽകുന്നതുസംബന്ധിച്ച തീരുമാനം പ്രഖ്യാപിക്കും. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യം നാളത്തേയ്ക്ക് വയ്ക്കുന്നില്ല. ഇന്നുതന്നെ പ്രഖ്യാപിക്കും.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, പ്രതിപക്ഷ നേതാവിന്റെ വാക്കുകളിൽ പറഞ്ഞാൽ ഒരു സംഘം വായ്നോക്കികൾ. ഞാൻ അങ്ങനെ പറയുന്നില്ല. കേരളത്തിലെ പ്രതിപക്ഷ അംഗങ്ങൾ എന്താണ് കാട്ടിക്കൂട്ടുന്നത്; ആവശ്യമെന്താണെന്ന് ചേദിച്ചാൽ പറയൂ. അവർ ആവശ്യം പറയുന്നില്ല.

ആവശ്യം പറയാതെതന്നെ ഇവിടെ നാടകം കാട്ടുകയാണ്. ആ ഇരിക്കുന്ന സ്ത്രീകൾ/വനിതകൾ അവർ എന്ത് തെറ്റു ചെയ്തു? പ്രതിപക്ഷ നേതാവിന്റെ വീട്ടിലുമില്ലേ അമ്മയും സഹോദരിമാരും. ആ ജീവനക്കാർ അവരുടെ ജോലി ചെയ്യുകയല്ലേ; അവരുടെ ജോലി നിങ്ങൾ തടസ്സപ്പെടുത്തുകയല്ലേ?

മി. സ്പീക്കർ: യെസ്.....പ്ലീസ്.....പ്ലീസ്......ചോദ്യത്തിലേയ്ക്ക് വരൂ. (....ബഹളം.....)

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ശ്രീ. വിൻസെന്റ് എം.എൽ.എ.-യൊക്കെ എന്താണ് ചെയ്യുന്നത്? ഇത് ജനാധിപത്യത്തിന് ഭൂഷണമല്ല. (....ബഹളം.....) കേരളത്തിലെ ഗതാഗത വകുപ്പിനെ ചരിത്രപരമായ മുന്നേറ്റത്തിലെത്തിച്ച കേരളത്തിലെ ഗതാതഗത വകുപ്പുമന്ത്രിയെ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. കേരളത്തിലെ പൊതു സമൂഹമാകെ ഈ ഗവൺമെന്റിനെ ആശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്യുകയാണ്. കോന്നി കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ് അങ്ങയുടെകൂടി സാന്നിധ്യത്തിൽ പണികളെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. അത് ഉടൻ പ്രവർത്തനമാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇവിടെ പലരും ആവശ്യം പറയാതെ സമരം ചെയ്യുമ്പോൾ അദ്ദേഹം ആവശ്യം പറയുകയാണ് ചെയ്തത്. ടി ബസ് സ്റ്റേഷനിൽ പെയിന്റിങ് മാത്രമേ ബാക്കിയുള്ളൂ. പ്രസ്തുത പ്രവൃത്തി പൂർത്തിയായാൽ ഒന്നോ രണ്ടോ ആഴ്ചയ്ക്കുള്ളിൽ ഉദ്ഘാടനം നിർവഹിക്കാൻ കഴിയുമെന്ന് അറിയിക്കുകയാണ്.

## കാർഷിക മേഖലയിലെ യന്ത്രവൽക്കരണം

(*273) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിരീതികളിൽ വൈദഗ്ധ്യം നേടിയ തൊഴിലാളികളുടെ ലഭ്യതക്കുറവ് കാർഷിക വിപുലീകരണത്തിന് വിഘാതമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്

രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനം വിശദമാക്കാമോ;

(സി) ചെറുകിട കാർഷിക യന്ത്രങ്ങളും അവ പ്രവർത്തിപ്പിക്കുന്നതിന് വിദഗ്ദ്ധരായ തൊഴിലാളികളെയും ലഭ്യമാക്കുന്നതിന് കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനം എത്രത്തോളം സഹായകരമാകുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കാർഷിക കർമ്മസേനകളെ ശാക്തീകരിക്കുന്നതിനും കാർഷിക മേഖലയിൽ യുവാക്കളുടെ കർമ്മശേഷി വിനിയോഗിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) കർഷകർക്കും കർഷക തൊഴിലാളികൾക്കും ആധുനിക കൃഷി രീതികളിൽ പ്രാവിണ്യം ഉറപ്പാക്കുന്നതിന് സർക്കാർ പ്രാധാന്യം നൽകുന്നുണ്ട്. വൈദഗ്ധ്യം നേടിയ കർഷക തൊഴിലാളികളുടെ എണ്ണം വർധിപ്പിക്കുവാനും യന്ത്രവൽകൃത കൃഷിരീതി, നവീന കൃഷിരീതി തുടങ്ങിയവയിൽ അവരെ പ്രാപ്തരാക്കുന്നതിനും നടപടികൾ കൈക്കൊണ്ടുവരുന്നു. അഗ്രോ സർവീസ് സെന്ററുകൾ, സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മ സേനകൾ തുടങ്ങിയവ ഈ മേഖലയിലെ

സർക്കാർ ഇടപെടലുകളാണ്. നിലവിൽ 99 കാർഷിക സേവനകേന്ദ്രങ്ങളും 28 കൃഷിശ്രീ കേന്ദ്രങ്ങളും 365 കാർഷിക കർമ്മസേനകളും 200 സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കാർഷിക സേവന കേന്ദ്രത്തിൽ ശരാശരി 11 പേരും കൃഷിശ്രീ സെന്ററിൽ ശരാശരി 14 പേരും കർമ്മസേനകളിൽ ശരാശരി 15 പേരും സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളിൽ 5 മുതൽ 20 പേരും സേവനദായകരായി പ്രവർത്തിക്കുന്നു. മുഴുവൻ യൂണിറ്റുകളിലും കൂടുതൽ സേവനദായകരെ തിരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകി നിയോഗിക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെയും സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെയും ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദഗ്ധ തൊഴിലാളികളെ സൃഷ്ടിക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുമുണ്ട്. കാർഷികമേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന SMAM (കാർഷിക യന്ത്ര വൽക്കരണ ഉപദൗത്യം) പദ്ധതിപ്രകാരം 2021-22 വർഷം

മുതൽ 2024-25 വർഷം വരെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് 122709 യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തികാനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. SMAM പദ്ധതിപ്രകാരം ഇതേ കാലയളവിൽ യന്ത്രങ്ങൾ വാങ്ങിച്ച 1470 കർഷക ഗ്രൂപ്പുകൾക്ക് യന്ത്രോപകരണ വിലയുടെ 80 ശതമാനം വരെയും ഏഴ് കസ്റ്റം ഹയറിങ് സെന്ററുകൾ സ്ഥാപിക്കാൻ 40 ശതമാനം വരെ സാമ്പത്തികാനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് യന്ത്രോപകരണങ്ങൾ വാങ്ങുവാൻ 424.2427 കോടി രൂപയാണ് പദ്ധതിയിലൂടെ അനുവദിച്ചിട്ടുള്ളത്. കൂടാതെ സേവന മേഖലയിലുള്ള 200 കൃഷിക്കൂട്ടങ്ങൾക്ക് പൊതുമേഖലാ സ്ഥാപനമായ KAMCO-യിൽനിന്നും ടില്ലർ, വീഡർ, കാട്ടുവെട്ടിയന്ത്രം മുതലായ യന്ത്രോപകരണങ്ങളും അനുവദിക്കുകയുണ്ടായി. കാർഷിക മേഖലയിലുള്ള തൊഴിലാളികളുടെ ക്ഷാമം കാർഷിക പ്രവൃത്തികളെ ദോഷകരമായി ബാധിക്കാതിരിക്കാൻ ഈ പദ്ധതികൾ വഴി സാധ്യമായിട്ടുണ്ട്. യന്ത്രങ്ങൾ അനുവദിക്കുന്നതിന് പുറമേ ഇവ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ, അറ്റകുറ്റ പ്രവൃത്തി നടത്തുന്നതിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കൽ, സർവീസ് സെന്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ

തുടങ്ങിയ അനുബന്ധ പ്രവൃത്തികളും വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷനും ഇതിൽ പങ്ക് വഹിക്കുന്നു.

(ബി) കേരളത്തിലുടനീളമുള്ള കാർഷിക സേവനകേന്ദ്രം, കാർഷിക കർമ്മസേന, കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു സംവിധാനമെന്ന നിലയിലാണ് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ 2018-ൽ രൂപീകരിച്ചത്. സംസ്ഥാനത്ത് സ്ഥാപിതമായ 99 കാർഷിക സേവനകേന്ദ്രങ്ങൾ, 365 കാർഷിക കർമ്മസേനകൾ, 28 കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ പ്രവർത്തനപുരോഗതി, സാമ്പത്തികസ്ഥിതി, കാർഷിക യന്ത്രങ്ങളുടെ നിജസ്ഥിതി, സേവനവൈഭവം എന്നിവ സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കുക എന്നതായിരുന്നു മിഷന്റെ ആദ്യ ദൗത്യം. കണ്ടെത്തിയ 6025-ൽപ്പരം കാർഷിക യന്ത്രങ്ങളിൽ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനസജ്ജമാക്കാവുന്ന 2059 കാർഷിക യന്ത്രങ്ങൾ 'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം' എന്ന കർമ്മപദ്ധതി ആവിഷ്കരിച്ച് സജ്ജമാക്കുകയും പരിശീലനം ലഭിച്ച ഒരു കൃഷി എഞ്ചിനീയർ, നാല്

Uncorrected/Not for publication
09-10-2025

മെക്കാനിക്കുകൾ എന്നിവരടങ്ങുന്ന 'കാർഷിക യന്ത്രകിരണസേന' രൂപീകരിച്ച് ജില്ലകൾതോറും വിന്യസിച്ച് പ്രവർത്തനസജ്ജമാക്കുവാൻ മിഷന് കഴിഞ്ഞു. അടുത്ത ഘട്ടമായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കൃഷിവകുപ്പ് എന്നിവയുടെ പദ്ധതികളിലൂടെ കൃഷിഭവനുകൾ മുഖേന നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുക്കുകയും ഇത്തരത്തിൽ 11505 യന്ത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. കേടായ കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി 'കാർഷിക യന്ത്രം സർവം ചലിതം' എന്ന പേരിൽ 15 ദിവസം നീണ്ടുനിൽക്കുന്ന 'ഒരു യന്ത്ര അറ്റകുറ്റപ്പണി ക്യാമ്പ്' മിഷൻ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതുവരെ 25 ബ്ലോക്കുകളിൽ ക്യാമ്പ് നടത്തി 1267 കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനസജ്ജമാക്കി. കേരളത്തിലുടനീളമുള്ള കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ എന്നിവയിലെ സേവനദായകർക്ക് യന്ത്രങ്ങളുടെ പരിപാലനം, പ്രവർത്തനം, അറ്റകുറ്റപ്പണി എന്നീ മേഖലകളിൽ പ്രവൃത്തിപരിചയ പരിശീലനം നൽകി അവരെ നൈപുണ്യപ്പെടുത്തുന്നതിനുള്ള പരിപാടികളും മിഷൻ നടപ്പിലാക്കിയിട്ടുണ്ട്.

കഴിഞ്ഞ 8 വർഷങ്ങളിലായി 1903 പേർക്ക് വിവിധ കാർഷിക യന്ത്ര അനുബന്ധ തൊഴിൽ മേഖലയിൽ നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്. കാർഷിക കർമ്മസേനകളുടേയും കാർഷിക സേവനകേന്ദ്രത്തിന്റേയും പ്രവർത്തനം, ഉത്തരവാദിത്വം, നടത്തിപ്പ് എന്നിവ പ്രതിപാദിക്കുന്ന ഒരു പ്രവർത്തന മാനുവൽ തയ്യാറാക്കിയിട്ടുണ്ട്.

കേരളത്തിലെ ഭൂപ്രകൃതിക്ക് അനുയോജ്യമായ നൂതന കാർഷിക യന്ത്രങ്ങളും കൃഷി രീതികളും വികസിപ്പിക്കുന്നതിനുവേണ്ടിയും മിഷൻ പ്രയത്നിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഡ്രെഡ്ജ് ക്രാഫ്റ്റ്, അക്വാട്ടിക് വീഡ് ഷ്രെഡർ, ബോട്ട് ട്രാക്ടർ എന്നിവ മിഷൻ RKI പദ്ധതിയിലൂടെ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ കുതിരശക്തി കൂടിയ ട്രാക്ടർ, ട്രാക്ക് ടൈപ്പ് സിറ്റ് ആൻഡ് റൈഡ് ഓൺ ടില്ലർ, കാംകോ ലെപ്പാർഡ് ടില്ലർ എന്നീ നൂതന യന്ത്രങ്ങളുടെ പ്രവർത്തനക്ഷമതയും പരിശോധിച്ചുവരുന്നു. ചതുപ്പ് നിലങ്ങളിൽ ബണ്ട് രൂപീകരണം, കിടങ്ങുകൾ തയ്യാറാക്കുക, ഉഴുതു മറിക്കുക, നിലമൊരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി 'സ്കൂവീൽ ബാക്ക് ഹോ' എന്നൊരു യന്ത്രവും രൂപകൽപ്പന ചെയ്ത് പരിശോധിച്ചുവരുന്നു. മലബാർ കാർഷിക മേഖലയിലെ കർഷകർക്ക് ദൈനംദിന കാർഷിക

പ്രവർത്തന സേവനം ഉറപ്പുവരുത്തുന്നതിനായി RKI പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കൂത്താളിയിൽ ഒരു കാർഷിക യന്ത്രസംരക്ഷണ കേന്ദ്രം (AMCC) മിഷൻ സ്ഥാപിച്ചിട്ടുണ്ട്. തരിശു നെൽവയലുകൾ വീണ്ടെടുത്ത് കൃഷി ചെയ്യുന്നതിന് 30 ദിവസത്തെ പരിശീലനം നൽകി 'മലബാർ പ്രത്യേക കാർഷിക ദൗത്യസംഘവും' രൂപീകരിച്ചിട്ടുണ്ട്.

കുട്ടനാട് മേഖലയിൽ കൊയ്ത്തിനായി ഉപയോഗിക്കുന്ന കൊയ്ത്തുമെതി യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനായി മിഷന്റെ നേതൃത്വത്തിൽ 'കെമിമു' (Combined Harvester Efficiency Monitoring & Inspection Mobile Unit) എന്ന പേരിൽ സഞ്ചരിക്കുന്ന പരിശോധന യൂണിറ്റ് ആരംഭിക്കുകയും യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത നിരീക്ഷിക്കുകയും ചെയ്തുവരുന്നു.

ഇതിനെല്ലാം പുറമേ 'ഒരു കോടി ഫലവൃക്ഷത്തൈകളുടെ ഉൽപാദനവും വിതരണവും' എന്ന പദ്ധതിയിൽ മിഷൻ പങ്കാളിയായി കാർഷിക കർമ്മസേനകൾ, കാർഷിക സേവന കേന്ദ്രം എന്നിവ വഴി ഫലവൃക്ഷത്തൈകളുടെ ഉൽപാദനവും വിതരണവും നടത്തിയിട്ടുണ്ട്.

(സി) കാർഷിക യന്ത്രങ്ങളുടെ സേവനം കൃഷിയിടങ്ങളിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയും അതതു പഞ്ചായത്തിലെ കർമ്മസേനകളുമായി യോജിച്ച്, കൃഷിയിടങ്ങളിലും പുരയിടങ്ങളിലും വേണ്ടുന്ന യന്ത്രവൽകൃത സേവനം നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമാണ് ബ്ലോക്കുതലത്തിൽ കാർഷിക സേവനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. 2021-22 മുതൽ ഈ കേന്ദ്രങ്ങൾ 'കൃഷിശ്രീ സെന്ററുകൾ' എന്ന പേരിലാണ് സ്ഥാപിച്ചുവരുന്നത്. നിലവിൽ 99 കാർഷിക സേവനകേന്ദ്രങ്ങളും 28 കൃഷിശ്രീ സെന്ററുകളുമുണ്ട്. ഇതിൽ സേവനദാതാക്കളായി 435 പുരുഷൻമാരും 591 സ്ത്രീകളും ട്രാൻസ് വിഭാഗത്തിൽപ്പെട്ട ഒരു തൊഴിലാളിയുമടക്കം ആകെ 1027 പേർ പ്രവർത്തിച്ചുവരുന്നു. കാർഷിക സേവനകേന്ദ്രങ്ങളിൽനിന്നും കൃഷിശ്രീ സെന്ററുകളിൽനിന്നും കാർഷികവൃത്തിക്കാവശ്യമായ വിവിധങ്ങളായ സേവനങ്ങൾ ലഭ്യമാകുന്നുണ്ട്. ആകെയുള്ള 99 കാർഷിക സേവനകേന്ദ്രങ്ങളിൽ 2541 യന്ത്രങ്ങളും 28 കൃഷിശ്രീ കേന്ദ്രങ്ങളിൽ 397 യന്ത്രങ്ങളും കർഷകർക്ക് വിവിധ സേവനങ്ങൾക്കായി ലഭ്യമാക്കി വരുന്നുണ്ട്. ഓരോ കൃഷിശ്രീ സെന്ററുകൾക്കും ശരാശരി 22 ലക്ഷം രൂപയുടെ യന്ത്രങ്ങൾ വാങ്ങുന്നതിനായി

അനുമതി നൽകിയിട്ടുണ്ട്. കൂടാതെ SMAM പദ്ധതി വിനിയോഗിച്ച് ആവശ്യമായ കൂടുതൽ യന്ത്രങ്ങൾ കൃഷിശ്രീ സെന്ററുകൾക്ക് വാങ്ങുന്നതിന് കഴിയും.

(ഡി) ഓരോ പഞ്ചായത്തിലേയും മുഴുവൻ കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന മാനവവിഭവശേഷി വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുള്ളത്. നിലവിൽ 365 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കർമ്മസേന രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ കർമ്മസേനകളിൽ സേവനദാതാക്കളായി 1131 പുരുഷൻമാരും 1596 സ്ത്രീകളുമടക്കം 2727 പേർ പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് ആവശ്യമായ നിലമൊരുക്കൽ, ഞാറ്റടി തയ്യാറാക്കി ഞാറ് നടുന്ന പ്രവൃത്തികൾ, തടം തുറക്കൽ, തേങ്ങയിടൽ, മരുന്നു തളിക്കൽ, കാടുവെട്ടി തെളിക്കൽ തുടങ്ങിയ വിവിധ സേവനങ്ങൾക്കായി 3087 യന്ത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാർഷിക കർമ്മസേനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതും നിയന്ത്രിക്കുന്നതും അതത് പഞ്ചായത്തിലെ പ്രസിഡന്റ് ചെയർമാനായുള്ള പഞ്ചായത്തുതല ഉപദേശക സമിതിയാണ്.

കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും വാർഷിക ബിസിനസ് അംഗീകരിച്ച് നൽകുന്നതിനും മാനവവിഭവശേഷി കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നിർദേശം നൽകുന്നതിനും ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുതല ഉപദേശക സമിതിക്കാണ്. ഈ കൃത്യനിർവഹണം വീഴ്ചയില്ലാതെ നടത്തുന്നതിന് സമിതിയുടെ കൺവീനർമാരായ അതത് പഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ഈ സർക്കാർ നടപ്പാക്കിയ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന കാമ്പയിനും ഉൽപാദന, സേവന, മൂല്യവർധിത മേഖലകളിൽ രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളിലൂടെയും യുവജനങ്ങളേയും കൃഷിയിൽ തൽപരരായ മറ്റുള്ളവരേയും കൃഷി-അനുബന്ധ പ്രവർത്തന മേഖലകളിലേയ്ക്ക് ആകൃഷ്ടരാക്കുവാനും അവരുടെ കർമ്മശേഷി ഈ മേഖലയിൽ വിനിയോഗിക്കുവാനും സാധിച്ചിട്ടുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കാർഷിക മേഖലയിലെ യന്ത്രവൽക്കരണം ഇന്ന് യാഥാർത്ഥ്യമായിരിക്കുകയാണ്. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളുടെ എണ്ണം കുറഞ്ഞുവരുന്ന ഈ ഘട്ടത്തിൽ യന്ത്രവൽക്കരണത്തിലൂടെ ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ

സാധിച്ചത് ഒരു വസ്തുതയാണ്. അതേസമയം, കോടിക്കണക്കിന് രൂപ നൽകിക്കൊണ്ടാണ് പഴയ യന്ത്രങ്ങളൊക്കെ ഇപ്പോൾ കൊടുക്കുന്നതെന്ന് പറയുകയുണ്ടായി. നാന്നൂറ്റി ചില്വാനം (424.2427) കോടി രൂപ ഇത്തവണ യന്ത്രോപകരണങ്ങൾ വാങ്ങാൻ ഉപയോഗിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഇത്തരത്തിൽ കോടാനുകോടി രൂപയുടെ യന്ത്രങ്ങൾ അനുവദിച്ചതിനുശേഷം അവയൊക്കെ യഥാവിധി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും പ്രശ്നങ്ങളുണ്ടാകുന്ന യന്ത്രോപകരണങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, ഏറ്റവും പ്രസക്തമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. കാർഷിക മേഖലയിലെ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആധുനിക യന്ത്രങ്ങളും ലോണുകളുമടക്കമുള്ള സഹായങ്ങളും സർക്കാർ നൽകുന്നുണ്ട്. ഇപ്രകാരം നൽകുന്ന ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുവേണ്ട വർക്ക്ഷോപ്പും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉപകരണങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊയ്ത്ത്-മെതി യന്ത്രത്തിന്റെ വിഷയം മോട്ടോർ വാഹനവകുപ്പുമായി ആലോചിച്ചുകൊണ്ട് അതിന്റെ രജിസ്ട്രേഷനും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കി ഇവിടെ അനുവദിക്കുന്ന യന്ത്രങ്ങൾ ഇവിടെ തന്നെ കൃത്യമായും ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. യന്ത്രങ്ങൾക്ക് സമയാസമയങ്ങളിൽ ആവശ്യമായ മെയിന്റനൻസുകൾ നടത്തുന്നതിനുള്ള സഹായങ്ങളും ഇടപെടലുകളും വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അഗ്രോ സർവീസ് സെന്ററുകളുടെ പ്രവർത്തനത്തെക്കുറിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ വിവിധ ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുള്ള അഗ്രോ സർവീസ് സെന്ററുകളിൽ കുറേയധികം മെച്ചപ്പെട്ട നിലയിലാണെങ്കിലും ചിലയിടങ്ങളിൽ സാങ്കേതികവിദ്യ പരിജ്ഞാനമുള്ള ആളുകളുടെ അഭാവമുണ്ടെന്നത് വലിയ പ്രശ്നമാണ്. അറ്റകുറ്റപ്പണികൾ നിർവഹിക്കേണ്ടിവരുന്ന സാഹചര്യത്തിൽ യന്ത്രങ്ങളുടെ പ്രശ്നങ്ങൾ, പ്രവൃത്തികൾ എങ്ങനെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; അഗ്രോ

സർവീസ് സെന്ററുകളിൽ സാങ്കേതിക വിദഗ്ദരെ ചുമതലപ്പെടുത്തുന്നതിന് ആവശ്യമായ സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇത്തരത്തിൽ പോരായ്മകൾ സംഭവിക്കുന്നതും അറ്റകുറ്റപ്പണികൾ വേണ്ടിവരുന്നതുമായ യന്ത്രങ്ങളുടെ കണക്കെടുപ്പ് കൃത്യമായി നടത്തുകയും ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. കാലങ്ങളായി കേടുപാടുകൾ സംഭവിച്ച ഉപകരണങ്ങളിൽ പ്രവർത്തനയോഗ്യമാക്കാൻ സാധിക്കുന്നവയുടെ പോരായ്മ പരിഹരിക്കുകയും അല്ലാത്തവ നീക്കംചെയ്ത് നടപടി അവസാനിപ്പിച്ചിട്ടുമുണ്ട്. സമയാസമയങ്ങളിൽ യന്ത്രങ്ങൾക്കുള്ള അറ്റകുറ്റപ്പണികൾ പരിഹരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടലുകൾ ഇപ്പോൾ നടത്തുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കാർഷിക മേഖലയിലെ യന്ത്രവൽക്കരണം പോലെതന്നെ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട കർഷക സൗഹൃദമായ ഒരു പദ്ധതിയാണ് 'സ്മാർട്ട് കൃഷി ഭവന'കൾ. ടി പദ്ധതി കൃഷി വകുപ്പ് നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോവുകയാണെങ്കിലും പദ്ധതിയുടെ കൃത്യമായ ഗുണം ജനങ്ങൾക്ക് ലഭിക്കുന്നതിനുവേണ്ടി കൃഷി

ഭവനകളിൽ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. കെട്ടിടം മാത്രമല്ല, ഡിജിറ്റൽ സേവനങ്ങൾ ലഭിക്കാനാവശ്യമായ സോഫ്റ്റ്വെയർ സൗകര്യങ്ങൾ ആവശ്യമാണ്. 'കതിർ' എന്ന പേരിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം നിലവിലുണ്ടെങ്കിലും ജനങ്ങൾക്ക് അതുസംബന്ധിച്ചുള്ള അവബോധവും ഡിജിറ്റൽ സാക്ഷരതയും ഉണ്ടാകണം. സംസ്ഥാന ബജറ്റിൽ ഡിജിറ്റൽ സാക്ഷരതയ്ക്കുവേണ്ടി തുക വകയിരുത്തിയിട്ടുണ്ട്. യന്ത്രവൽക്കരണം പോലെതന്നെ പ്രധാന പദ്ധതിയായ സ്മാർട്ട് കൃഷി ഭവൻ എന്ന കൺസപ്റ്റ് യാഥാർഥ്യമാക്കുവാൻ റവന്യൂ വകുപ്പും കൃഷി വകുപ്പിന്റെ കീഴിലുള്ള ട്രെയിനിങ് സെന്ററുകളും സഹകരിച്ചുകൊണ്ട് മാസ്റ്റർ ട്രെയിനേഴ്സിനെ ഉപയോഗപ്പെടുത്തി ജനങ്ങൾക്ക് ഡിജിറ്റൽ സാക്ഷരത ഉണ്ടാക്കുകയും അതുവഴി പ്രസ്തുത പദ്ധതിയെ വിജയിപ്പിക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ശ്രീ. ജി. എസ്. ജയലാൽ എം.എൽ.എ. ഉന്നയിച്ചത്. കേരളത്തിൽ 1076 കൃഷി ഭവനകളാണുള്ളത്. അവയെല്ലാം ആധുനിക കാലത്തിനനുസരിച്ചുള്ള തലത്തിലേക്ക് ഉയർത്തേണ്ടതുണ്ട്. കേരളത്തിലുള്ള 1076 കൃഷി ഭവനകളെ

ഘട്ടം ഘട്ടമായി സ്മാർട്ടാക്കുന്നതിന്റെ ഭാഗമായാണ് സ്മാർട്ട് കൃഷി ഭവൻ എന്ന സംവിധാനം കൊണ്ടുവന്നത്. കൃഷി ഭവൻ സ്മാർട്ടാക്കുക എന്നത് കൃഷി ഭവന് ആധുനികമായ കെട്ടിടങ്ങളും കമ്പ്യൂട്ടർ സംവിധാനങ്ങളും ഒരുക്കുകയെന്നുള്ളത് മാത്രമല്ല, സേവനം കൂടി സ്മാർട്ടാകുമ്പോൾ മാത്രമാണ് കൃഷി ഭവൻ സ്മാർട്ടാകുകയുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജി. എസ്. ജയലാൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ എല്ലാ കൃഷി ഭവനുകളെയും സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തെ ഹൃദയംനിറഞ്ഞ് അഭിനന്ദിക്കാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നമ്മുടെ കാർഷിക മേഖലയിലുള്ള സമഗ്രമായ വികസനവും കർഷകക്ഷേമവും കർഷക വരുമാനവും ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് സർക്കാർ നടപ്പിലാക്കി വരുന്നത്. അതിന്റെ ഭാഗമായി ഒരു സോഷ്യൽ ഓഡിറ്റിങ് കൂടി കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. കൃഷി ഭവനുകളുടെ സേവനം വിലയിരുത്താൻ കർഷകർക്ക് അവസരം നൽകുന്നതിനായി 'അനുഭവം' എന്ന പേരിൽ ഒരു പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. കൃഷി ഭവനുകളിൽ നൽകിയിട്ടുള്ള ക്യൂ.ആർ. കോഡ് സ്കാൻ ചെയ്തും കൃഷി

ഭവനകളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ കർഷകർക്ക് നേരിട്ട് പങ്കുവയ്ക്കാവുന്ന സംവിധാനമാണ് 'അനുഭവം'. സംസ്ഥാന എസ്.എഫ്.ഐ.എസ്.-ന്റെ കീഴിൽ പ്രവർത്തിക്കുന്ന കാൾ സെന്റർ ഈ അഭിപ്രായങ്ങൾ വിലയിരുത്തി ആവശ്യമായ നിർദേശങ്ങളും ഉപദേശങ്ങളും തരുന്നുണ്ട്. കൂടാതെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കൃഷി ഭവനകളെ റാങ്ക് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്. ഇവിടെ നേരത്തെ അദ്ദേഹം സൂചിപ്പിച്ചതുപോലെ കർഷക സേവനങ്ങൾ ത്വരിതപ്പെടുത്താൻ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതും 21 മൊഡ്യൂളുകൾ അടങ്ങുന്നതുമായ 'കതിർ' ആപ്പ് വഴി കർഷകർക്ക് കൃഷി ഉദ്യോഗസ്ഥരുമായി സംവദിച്ച് തന്റെ കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കും. ഇതുവഴി ഡിജിറ്റൽ സാങ്കേതികവിദ്യ ഫലപ്രദമായി കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തുവാൻ കഴിയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനനുസരിച്ച് കൃഷി ഭവനകളെ ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷി ഭവനാക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. 80 കൃഷി ഭവനകൾ സ്മാർട്ട് കൃഷി ഭവനകളുടെ പൂർത്തീകരണ ഘട്ടത്തിലാണ്. ലോക ബാങ്ക് ധനസഹായത്തോടുള്ള കേര

പദ്ധതിയുടെ ഭാഗമായി കൃഷി ഭവനുകൾക്ക് കൂടുതൽ ഡിജിറ്റൽ ഉപകരണങ്ങൾ നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്. എല്ലാ കൃഷി ഭവനുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളിലൂടെ കർഷക സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിയും കാർഷിക മേഖലയെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി എത്തിക്കുകയും ചെയ്യുകയെന്നുള്ളതാണ്. 'കതിർ' ആപ്പിന്റെ 17 മൊഡ്യൂളിൽ എല്ലാം പൂർത്തിയായിട്ടുണ്ട്. കർഷകർക്ക് എളുപ്പത്തിൽ ബന്ധപ്പെടാൻ കഴിയുന്ന തരത്തിലും അവർക്ക് കൃഷിയിടത്തിൽനിന്നുതന്നെ ഒരു ഫോട്ടോയെടുത്ത് അപ്‌ലോഡ് ചെയ്താൽ ആ വിളയ്ക്കുള്ള ബുദ്ധിമുട്ട് എന്താണെന്നും അതിന്റെ പരിഹാര മാർഗം ഉൾപ്പെടെ നിർദേശിക്കുവാൻ കഴിയുന്ന തരത്തിലേയ്ക്കും ഏറ്റവും മെച്ചപ്പെട്ട നിലയിലാണ് ഈ പരിപാടി മുമ്പോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നത്. 'കതിർ' ആപ്പ് ഏറ്റവും നല്ല രീതിയിൽ പ്രവർത്തനസജ്ജമാക്കി 21 മൊഡ്യൂളുകൾ പൂർത്തിയാകുമ്പോഴേക്കും രാജ്യത്തിനുതന്നെ മാതൃകയാകുന്ന ഒരു പ്രവൃത്തിയായി മാറും.

ശ്രീ. വി. ശശി: സർ, കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടാകുന്ന കൃഷിനാശം. ഇത് തടയാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, നമ്മുടെ നാട്ടിൽ ഇപ്പോൾ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് കാലാവസ്ഥാ വ്യതിയാനമാണ്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം ഏറ്റവും കൂടുതലായി ബാധിക്കുന്നത് കാർഷിക മേഖലയിലാണ്. ഇതിനനുസരിച്ച് ഒരു സ്മാർട്ട് കൃഷി രീതികൾ അവലംബിക്കുന്നതിനുള്ള പദ്ധതികളാണ് സംസ്ഥാന കൃഷി വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. സ്മാർട്ട് കൃഷിയുടെ പ്രോത്സാഹനത്തിനായി പോളി ഹൗസ് കൃഷി, കൃത്യതാ കൃഷി, ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ്, എയ്റോപോണിക്സ്, ഡ്രോണുകൾ ഉപയോഗിച്ചുള്ള കൃഷി, ഉപഗ്രഹ ചിത്രങ്ങളും കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള വിള പരിപാലനം തുടങ്ങി ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സാങ്കേതികവിദ്യകൾ വിവിധ പദ്ധതികളിലൂടെ സർക്കാർ കർഷകരിൽ എത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. കൃഷി വകുപ്പും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും കേരള കാർഷിക

സർവകലാശാലയും ഇതിനാവശ്യമായ സാമ്പത്തിക സാങ്കേതികവിദ്യയും ശ്രമിക്കുന്നുണ്ട്. 2018-ലെ പ്രളയത്തിനുശേഷം കേരളത്തിന്റെ കാലാവസ്ഥയിൽ അപ്രവചനീയമായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് കർഷകർ കാലങ്ങളായി അനുവർത്തിച്ചുപോരുന്ന വിള കലണ്ടറിനെ സാരമായി ബാധിച്ചു. കർഷകർക്ക് വലിയ തോതിൽ വിള നഷ്ടം ഉണ്ടാവുകയും ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ ശാസ്ത്രീയമായ കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ കൃഷി രീതികൾ അവലംബിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുകയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു. ഇത്തരത്തിലുള്ള പ്രധാന പദ്ധതിയാണ് കേര എന്നുള്ളത്. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയും 2365.5 കോടി രൂപയുടെ ബജറ്റോടെ കാർഷിക മേഖലയെ ആധുനികവത്ക്കരിക്കുന്നതിലൂടെ ഉയർന്ന വരുമാനവും സുസ്ഥിരതയും കർഷകർക്ക് ഉറപ്പാക്കുന്നുണ്ട്. കാലാവസ്ഥ വ്യതിയാനം ഏതൊക്കെ രീതിയിൽ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുവെന്നത് വിലയിരുത്തുന്നതിനായി പ്രൈവറ്റ് റിസ്ക് വൾനറബിലിറ്റി അസസ്മെന്റ് പഠനം കൺസൾട്ടൻസി ആരംഭിച്ചിട്ടുണ്ട്. 2025 ഒക്ടോബർ മാസത്തോടെ

ഇത് പൂർത്തിയാകും. കാലാവസ്ഥ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കാർഷിക പാരിസ്ഥിതിക യൂണിറ്റ് അധിഷ്ഠിത 67 ഫാം ട്രയലുകൾ കേരള കാർഷിക സർവകലാശാല ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാലാവസ്ഥ വ്യതിയാന പ്രതിരോധ ഹ്രസ്വകാല ഗവേഷണ ട്രയലുകൾക്കായുള്ള 74 പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. ഗവേഷണ ഫലങ്ങൾ പരിശോധിച്ചതിനുശേഷം വിളപരിപാലന ശിപാർശകൾ ഉൾപ്പെടുത്തി കാർഷിക മാനേജ്മെന്റ് രീതികൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. കേര പദ്ധതിയുടെ ഭാഗമായി കാലാവസ്ഥ വ്യതിയാന പ്രതിരോധ ശേഷിയെക്കുറിച്ചുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവിധ ഗവേഷണ കേന്ദ്രങ്ങളിൽനിന്നും ഗവേഷണ നിർദേശങ്ങൾ ക്ഷണിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി വരുന്നുണ്ട്. പ്രസ്തുത ഗവേഷണത്തിനായി ഗ്രാന്റ് നൽകുകയും ഗവേഷണ കണ്ടെത്തലുകൾ വിള ശിപാർശയിൽ ഉൾപ്പെടുത്തുന്നതുമാണ്. അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് അനുസരിച്ച് കാലാവസ്ഥ വ്യതിയാന പ്രതിരോധ കൃഷിരീതികളെ ഉൾക്കൊള്ളുന്ന തരത്തിലുള്ള വിള ശിപാർശകൾ കർഷകർക്ക് ലഭ്യമാക്കി കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്ന കൃഷി

രീതികൾ അനുവർത്തിക്കാൻ കർഷകരെ പ്രാപ്തരാക്കുന്നതാണ്. കേര പദ്ധതിയിൽ, കൃഷിയിൽ കാലാവസ്ഥ പ്രതിരോധവും ലഘൂകരണവും എന്ന ഘടകത്തിനായി

790.44 കോടി രൂപ 5 വർഷത്തേക്കായി വകയിരുത്തിയിട്ടുമുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, സംസ്ഥാനത്തെ കൊയ്ത്ത്-മെതിയന്ത്രങ്ങളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; ഈ രംഗത്ത് വാടകയിനത്തിൽ നടത്തുന്ന ചൂഷണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന KAMCO കാർഷിക രംഗത്ത് നല്ല രീതിയിൽ യന്ത്രവൽക്കരണം കൊണ്ടുവരുന്നതിന് ശ്രമിക്കുന്നുണ്ടോ; കൂത്തുപറമ്പിലെ KAMCO യൂണിറ്റിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കാര്യക്ഷമമല്ലാത്ത കൊയ്ത്ത്-മെതിയന്ത്രങ്ങൾ ഏർപ്പെടുത്തി നടന്നുവരുന്ന അമിതമായ വാടക ഈടാക്കലും നെല്ല് ചോർന്നുപോകുന്ന നഷ്ടവും പരിഹരിക്കുന്നതിന് കർഷകർ ഉയർത്തിയ പരാതിയുടെ അടിസ്ഥാനത്തിൽ CHEMIMU (Combined Harvester Efficiency Monitoring and Inspection Mobile Unit) അഥവാ കൊയ്ത്ത്-

മെതിയന്ത്ര പ്രവർത്തന ക്ഷമത നിരീക്ഷണ പരിശോധന യൂണിറ്റ് എന്ന സഞ്ചരിക്കുന്ന പരിശോധന യൂണിറ്റ്, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, മങ്കൊമ്പിലെ എം. എസ്. സ്വാമിനാഥൻ നെല്ല് ഗവേഷണ കേന്ദ്രത്തെ ആസ്ഥാനമാക്കി സ്ഥാപിച്ചിട്ടുണ്ട്. ടി യൂണിറ്റിന്റെ പ്രവർത്തനം 2024 മാർച്ചിൽ തുടങ്ങി. കുട്ടനാട്ടിൽ 32 യന്ത്രങ്ങൾ പരിശോധിക്കുകയും അവയിൽ 4 എണ്ണം ഉപയോഗയോഗ്യമല്ലെന്ന് കണ്ടെത്തി. 2025 ഫെബ്രുവരി 20 മുതൽ CHEMIMU-യുടെ പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. ഒരു കൃഷി എഞ്ചിനീയറും മൂന്ന് മെക്കാനിക്കൽ അസിസ്റ്റന്റുമാരും അടങ്ങിയ സംഘം ആലപ്പുഴ ജില്ലയിൽ 250-ൽ അധികം യന്ത്രങ്ങൾ പരിശോധിച്ചു. യന്ത്രങ്ങളുടെ കാര്യക്ഷമതയെ അടിസ്ഥാനമാക്കി ഗുഡ്, ആവറേജ്, അൺഫിറ്റ് എന്ന് തരംതിരിച്ച് അടയാളപ്പെടുത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോവർ വാൽവിന്റെ സ്പീഡ് ക്രമീകരണം, ബെൽറ്റിന്റെ തേയ്മാനം, ത്രഷിങ്ങ് ഡ്രം സീവിന്റെ ക്രമീകരണം, മോവർ ഫിങ്കർ റോഡുകളുടെ കേടുപാടുകൾ, പ്ലാറ്റ്ഫോം മോവറിന്റെ സുഷിരങ്ങൾ, ഗ്രെയിൻ ടാങ്ക് ചോർച്ചകൾ, ട്രാക് ടയറിന് പൊട്ടലുകൾ, എലിവേറ്ററിനും റിട്ടേൺ എലിവേറ്ററിനും ചോർച്ചകൾ,

ഹൈഡ്രോളിക് പമ്പിന്റെ ആർ.പി.എം.എൽ. കൃത്യതയില്ലായ്മ, മൂവ്മെന്റ് ലിവറിന്റെ പ്ലേ കൂടുതൽ, കട്ടർ ബാറിൽ വേണ്ടുന്ന ബ്ലേഡുകളുടെ കുറവ്, റീലിൽ വേണ്ട ടൈലുകളുടെ കുറവ് എന്നിവയുടെ പോരായ്മകൾ തിട്ടപ്പെടുത്താൻ നിർദേശിച്ചതോടെ കൊയ്ത്ത് നടത്തുമ്പോൾ ഉണ്ടാകുന്ന നെല്ലിന്റെ നഷ്ടം ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നതോടൊപ്പം ഒരേക്കർ പാടം ഒന്നര മണിക്കൂറിനകം കൊയ്യാൻ കഴിയുകയും ചെയ്യും. കുട്ടനാട്ടിലെ കൊയ്ത്ത് മേഖലയിൽ പ്രയോജനപ്പെടുത്തുന്ന ഈ സംവിധാനം സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങളിലെ കൊയ്ത്ത്-മെതിയന്ത്രങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കർഷകർ വാടകയ്ക്ക് ലഭ്യമാക്കുന്ന കൊയ്ത്ത്-മെതിയന്ത്രങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിലൂടെ പ്രവർത്തനസമയവും പ്രവർത്തനക്ഷമതയും നിശ്ചയിക്കാനും അതുവഴി വാടകയിൽ ഉണ്ടാകുന്ന ചൂഷണം ഒഴിവാക്കാനും സാധിക്കും. മോട്ടോർ വാഹനവകുപ്പുമായി കൂടിയാലോചിച്ചുകൊണ്ട് രജിസ്ട്രേഷനും മറ്റ് നടപടികളും ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവമായ പരിഗണനയിലാണ്. KAMCO ഏറ്റവും മെച്ചപ്പെട്ട തരത്തിലാണ് കേരളത്തിന്റെ കാർഷിക മേഖലയിൽ

പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ബാലചന്ദ്രൻ ഒരു കാലത്ത് KAMCO -യുടെ ചെയർമാൻ സ്ഥാനത്തിരുന്നതും സ്ഥാപനത്തിന്റെ കാര്യങ്ങൾ നേരിട്ട് അറിയാവുന്ന വ്യക്തിയുമാണ്. കണ്ണൂരിലുള്ള KAMCO യൂണിറ്റിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഇടപെടലുകൾ സർക്കാർ നടത്തുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സുപ്രീംകോടതി അന്വേഷണം പ്രഖ്യാപിച്ച ഒരു വിഷയത്തിന്മേൽ എല്ലാ ദിവസവും നിയമസഭ സ്തംഭിപ്പിക്കുന്നത് ശരിയായ നടപടിയല്ല. കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് ആശ്വാസമുണ്ടാക്കുന്ന ഒരു നടപടി ഇന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. പാവപ്പെട്ട ക്യാൻസർ രോഗികൾക്കും ഡയാലിസിസ് രോഗികൾക്കും സൗജന്യ യാത്ര ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് പറയുമ്പോഴും അവിടെ നിന്ന് ഷെയിം വിളികൾ ഉയർന്നത് പ്രതിപക്ഷ നേതാവെങ്കിലും ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യുന്നതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ശ്രീ. പി. ബാലചന്ദ്രൻ എം.എൽ.എ. കുത്തുപറമ്പിലെ KAMCO യൂണിറ്റിനെപ്പറ്റി

ചോദ്യമുന്നയിച്ചിരുന്നു. എന്റെ നിയോജക മണ്ഡലത്തിലാണ് പ്രസ്തുത യൂണിറ്റ് ഉള്ളത്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പി. മോഹനൻ മന്ത്രിയായിരുന്ന സമയത്താണ് ടി യൂണിറ്റ് ആരംഭിച്ചത്. ട്രെയിനിങ്ങിന്റെ പേരിൽ അവിടത്തെ ജീവനക്കാരെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ ഞാൻ നിരവധി തവണ KAMCO-യുടെ എം.ഡി.യേയും ഡയറക്ടർമാരെയും വിളിച്ചിരുന്നു. ഉടനെ ആ യൂണിറ്റ് പുന:സ്ഥാപിക്കമെന്ന് പറഞ്ഞെങ്കിലും ഞാനും ശ്രീ. കെ. പി. മോഹനൻ എം.എൽ.എ.-യും യോചിച്ച് അത് പുനഃസ്ഥാപിക്കാൻവേണ്ടി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിക്കുമെന്നും ആ യൂണിറ്റ് പുനഃസ്ഥാപിക്കുമെന്നും എനിക്ക് നല്ല ഉറപ്പുണ്ട്. അതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ സൂചിപ്പിച്ച കാര്യത്തിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കും ശ്രീ. കെ. പി. മോഹനൻ അടക്കമുള്ളവർക്കും അത് ഉറപ്പാക്കാം. KAMCO യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. അതിനാവശ്യമായ എല്ലാ ഇടപെടലുകളും നടത്തും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ നിയോജകമണ്ഡലത്തിൽ മാത്രം അഗ്രോസർവീസ് സെന്ററുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ സ്കീമുകളിലായി വാങ്ങിയ ഏതാണ്ട് നൂറിലധികം വരുന്ന കാർഷിക യന്ത്രങ്ങൾ ഇന്ന് ഉപയോഗക്ഷമമല്ലാതെ കിടക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട ഒരു കാരണം അന്ന് അത് ഏറ്റെടുക്കാൻ സന്നദ്ധരായിരുന്നവർ ഇപ്പോൾ പ്രായമായി, പല യൂണിറ്റുകളും ഇല്ല. അഗ്രോ സർവീസ് യൂണിറ്റുകളിൽ പ്രവർത്തിക്കാനുള്ള വിദഗ്ധരില്ല. ആ സന്ദർഭത്തിൽ സർക്കാർ സ്പെഷ്യൽ ഓഫീസറെ നിയമിച്ച് രൂപംനൽകിയതാണ് ആലത്തൂർ മണ്ഡലത്തിലെ നിറ പദ്ധതി. ആ പദ്ധതിയുടെ ഭാഗമായിട്ടുള്ള കാർഷിക കൂട്ടായ്മയുണ്ട്. ഞങ്ങൾ അത് ഏറ്റെടുത്ത് നടത്താൻ സന്നദ്ധരാണ്. പക്ഷേ അതിന് സർക്കാർ ഉത്തരവ് ഉണ്ടാകേണ്ടതുണ്ട്. അത്തരം പരിശ്രമങ്ങൾ നടത്തണം. ഇതര സംസ്ഥാനത്തിന്റെ സഹായത്തോടുകൂടി ഈ സീസണിൽ 55 കൊയ്ത്ത് യന്ത്രങ്ങളാണ് ആലത്തൂർ നിയോജക മണ്ഡലത്തിൽ കൊണ്ടുവന്ന് പാടത്തിറക്കിയിരിക്കുന്നത്. ആ മണ്ഡലത്തിൽത്തന്നെ കാലാവസ്ഥ വ്യതിയാനത്തെ മണിക്കൂറുകൾക്കകം നിരീക്ഷിക്കാനുള്ള ഒരു സംവിധാനം പാലക്കാട് ഐ.ഐ.റ്റി. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഞാൻ ഒരു

ഉദാഹരണം പറയാം, കഴിഞ്ഞ 8-ാം തീയതി ആലത്തൂരിൽ 21 ഡിഗ്രി സെൽഷ്യസ് ചൂടാണ് അനുഭവപ്പെട്ടത്. മണിക്കൂറുകളുടെ വ്യത്യാസത്തിൽ കാലാവസ്ഥ വ്യതിയാനം വരികയാണ്. 9-ാം തീയതി 41 ഡിഗ്രി സെൽഷ്യസ് ചൂടാണ് അനുഭവപ്പെട്ടത്. അവിടെ നെൽച്ചെടികൾ കരിഞ്ഞുപോകുകയാണ്. ഇത്തരം ഒരവസ്ഥയിൽ ഈ പുതിയ സാങ്കേതിക വിജ്ഞാനത്തെ ഉപയോഗപ്രദമാക്കാൻ; പാലക്കാട് ഐ.ഐ.റ്റി. വിദ്യാർഥികൾ വികസിപ്പിച്ചെടുത്ത ആ സംവിധാനത്തെക്കുറിച്ച് മനസ്സിലാക്കാൻ മന്ത്രി സന്നദ്ധമാകുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കാലാവസ്ഥ വ്യതിയാനം തിരിച്ചറിയുന്നതിന് പാലക്കാട് ഐ.ഐ.റ്റി.യിലെ വിദ്യാർഥികൾ വികസിപ്പിച്ചെടുത്ത യന്ത്ര സംവിധാനത്തെക്കുറിച്ച് തീർച്ചയായും ഗൗരവമായി പരിശോധിക്കുന്നതാണ്. പ്രസ്തുത സംവിധാനം ഉപയോഗിക്കാനാകുന്നതും അനുയോജ്യമാണെങ്കിൽ ഉൾക്കൊള്ളുന്നതിനും സർക്കാരിന് യാതൊരു മടിയുമില്ല.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, മലബാർ മേഖലയിലെ കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ അതിവർഷംമൂലം പ്രതിസന്ധിയിലാണ്.

അടയ്ക്ക പൂർണ്ണമായും നഷ്ടപ്പെട്ടതിനാൽ പാപ്പരാകപ്പെട്ട കൃഷിക്കാർക്ക് പ്രത്യേക പാക്കേജ് അനുവദിച്ചാൽ മാത്രമേ അവരെ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളു. ആയതിനുള്ള നടപടികൾ എന്തെങ്കിലും സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇക്കാര്യത്തിൽ പ്രത്യേകമായ പാക്കേജിന്റെ കാര്യം നിലവിൽ ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ അടയ്ക്കാ കൃഷി മേഖലയിൽ ഉണ്ടായിരിക്കുന്ന രോഗബാധ അടക്കമുള്ള പ്രശ്നങ്ങളെ വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. ആയതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് കേരളത്തിനകത്തും പുറത്തുമുള്ള സഹായങ്ങൾ തേടുകയും കൂടുതൽ പരിശോധനകളിലേക്ക് നീങ്ങുകയും ചെയ്തിട്ടുണ്ട്. അടയ്ക്കാ കർഷകരെ സഹായിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതായിരിക്കും.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കാർഷിക രംഗത്ത് വലിയ വിപ്ലവം സൃഷ്ടിച്ചുകൊണ്ടാണ് കൃഷി വകുപ്പ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്.

കർഷകർക്കും കർഷക കൂട്ടായ്മകൾക്കും ചെലവ് കുറഞ്ഞ യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കോമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിന്റെ കാർഷിക മേഖലയിൽ വലിയ മെച്ചമുണ്ടായി എന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. അഹമ്മദ് ദേവർകോവിൽ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുമ്പോൾ കർഷകരുടെ വരുമാനത്തിൽ ഒരു വർധനവ് ഉണ്ടാക്കും എന്ന് പറഞ്ഞിരുന്നു. 2021-ൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും ഇടപെടലുകളുടെയും കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിലൂടെ കർഷകരുടെ വരുമാനം ഗണ്യമായി വർധിക്കാൻ സഹായിച്ചിട്ടുണ്ട്. പ്രകടന പത്രികയിലെ വാഗ്ദാനപ്രകാരം കർഷ വരുമാനം 50 ശതമാനം ആക്കുക എന്ന ലക്ഷ്യം നിറവേറ്റിയതായി സംസ്ഥാന ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ പഠനം വ്യക്തമാക്കുന്നു. 2019-ലെ ശരാശരി മാസവരുമാനമായിരുന്ന 17,915 ൽ രൂപയിൽനിന്നും 2024-ൽ 28,984 രൂപയായി അതായത് 61.79 ശതമാനം വർധന കൈവരിച്ചിട്ടുണ്ട്. ഇതിലൂടെ കേരളത്തിന്റെ കാർഷിക മേഖലയിൽ ഒരു വലിയ നേട്ടമാണ്

ഉണ്ടായിരിക്കുന്നത്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കുമെന്ന് പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ആ നടപടികൾക്ക് ഫലമുണ്ടാകുകയും ചെയ്തുവെന്നതാണ് ചൂണ്ടിക്കാണിക്കുന്നത്. കാർഷികമേഖലയിൽ കൂടുതൽ യന്ത്രങ്ങൾ അനിവാര്യമായിട്ടുണ്ട്. യന്ത്രവൽക്കരണത്തിലൂടെ കാർഷിക മേഖലയിൽ ഇനിയും ഉയർച്ച ഉണ്ടാകേണ്ടതുണ്ട്. കർഷകരുടെ വരുമാനത്തിലാണ് ഇതെല്ലാം പ്രതിഫലിക്കേണ്ടത്; പ്രതിഫലിക്കുകയും ചെയ്യുന്നത്. ഡ്രോൺ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് നെൽ വിത്ത് വിതയ്ക്കുന്നത് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതേപോലെയുള്ള ആധുനിക സംവിധാനങ്ങളെ കൂടുതലായി ഉപയോഗിച്ചുകൊണ്ട് കർഷകരുടെ വരുമാനത്തിൽ വലിയ വർധനവുണ്ടാക്കുകയെന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അതുമായി ബന്ധപ്പെട്ട് നിരവധിയായ പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ട്. ആദ്യം ഉത്തരം വായിക്കുന്ന അവസരത്തിൽ സ്കീമുകളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നിരവധി പദ്ധതികൾ അതുമായി ബന്ധപ്പെട്ടുണ്ട്. എല്ലാ കർഷകരിലും എത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ചിലയിടങ്ങളിൽ നൂറ് ശതമാനം

സൗജന്യമായി യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇതിന്റെ ഭാഗമായിട്ടുണ്ട്. കർഷക കൂട്ടായ്മകൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയ സേവന മേഖലയിൽ പ്രവർത്തിക്കുന്നവയ്ക്ക് 80 ശതമാനം സബ്സിഡിയോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 20 ശതമാനം വിനിയോഗിക്കുന്നിടത്ത് 100 ശതമാനം സബ്സിഡിയോടുകൂടിയും യന്ത്രങ്ങൾ നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. അത് കേരളത്തിന്റെ കാർഷികമേഖലയിലുണ്ടാക്കിയിട്ടുള്ളത് വലിയ മുന്നേറ്റമാണ്. തുടർന്നും മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള എല്ലാ ഇടപെടലുകളും സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. എ. രാജ</u>: മറയൂർ മേഖലയിൽ ഭൗമസൂചിക ലഭിച്ചിട്ടുള്ള ഒരു ഉൽപ്പന്നമാണ് മറയൂർ ശർക്കര. ഒരു കാലത്ത് അയ്യായിരം ഹെക്ടറിൽ കൃഷി ചെയ്തുകൊണ്ടിരുന്ന മറയൂർ ശർക്കര ഇപ്പോൾ എണ്ണൂറ് ഹെക്ടറായി ചുരുങ്ങുന്ന അവസ്ഥയാണുള്ളത്. മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും വ്യാജമായ പേരിൽ മറയൂർ ശർക്കര ഇറക്കുമതി ചെയ്യുന്നത് പരിഹരിച്ചുകൊണ്ട് അതിനെ തടയിടാൻ വേണ്ടിയുള്ള ശ്രമം ആരംഭിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേരളത്തിൽ ഭൗമസൂചികാ പദവി ലഭ്യമായിട്ടുള്ള നിരവധിയായ ഇനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മറയൂർ ശർക്കര. മറ്റിടങ്ങളിൽനിന്ന് വ്യാജമായി മറയൂർ ശർക്കര കേരളത്തിലേയ്ക്ക് എത്തിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും അടിയന്തരമായ ഇടപെടൽ സ്വീകരിച്ചിട്ടുമുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സഹായത്തോടും സഹകരണത്തോടുംകൂടി ഇത്തരം വ്യാജ ഉൽപ്പന്നങ്ങൾ എത്തിക്കുന്നത് തടയുന്ന നടപടി സ്വീകരിക്കുന്നതായിരിക്കും. ആലങ്ങാടൻ ശർക്കര വിപണിയിൽ വളരെ ഡിമാന്റുള്ള ഒന്നായി മാറിയിട്ടുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന ഇത്തരത്തിലുള്ള നിരവധി പ്രാദേശിക ഉൽപ്പന്നങ്ങൾ മാർക്കറ്റുകളിലേയ്ക്കെത്തുന്നുണ്ട്. കേരളത്തിനകത്തും പുറത്തും രാജ്യത്തിന് പുറത്തും ഇത്തരം ഉൽപ്പന്നങ്ങളെത്തുന്നുണ്ട്. കേരള ഗ്രോ എന്ന ബ്രാൻഡ് നെയിം നൽകി ഉൽപ്പന്നങ്ങൾ ഇറക്കുന്നുണ്ട്. 14 ജില്ലകളിലും കേരള ഗ്രോയുടെ ബ്രാൻഡഡ് ഷോറൂമകൾ ആരംഭിച്ചിട്ടുണ്ട്. മറയൂർ ശർക്കരയ്ക്കും ആലങ്ങാടൻ ശർക്കരയ്ക്കും അവിടെ നല്ല ഡിമാന്റാണുള്ളത്. അത് കാർഷികമേഖലയ്ക്കും കർഷകർക്കും വലിയ നേട്ടമാണുണ്ടാക്കുന്നത്. അവിടെ

വ്യാജ ഉൽപ്പന്നങ്ങൾ കടന്നുവരാതിരിക്കാൻ സാധ്യമായ എല്ലാ നടപടിയും സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: *സർ,* XXXXX+ കാർഷികരംഗത്ത് മികവ് പുലർത്തുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്നും പുതുതായി കടന്നുവരുന്ന വ്യക്തികൾക്ക് എന്തെല്ലാം സൗകര്യങ്ങളും ആനുകൂല്യങ്ങളും നൽകി വരുന്നുവെന്നും വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, വിശദീകരണം ആവശ്യമുള്ള വിഷയമാണിത്. കേരളത്തിന്റെ കാർഷിക മേഖലയിൽ നിരവധി പദ്ധതികളിലൂടെ കർഷകരെ സഹായിക്കുകയും കാർഷിക മേഖലയിലേക്ക് കൂടുതലായി ചെറുപ്പക്കാർ കടന്നുവരുന്നതിന് ഉപകരിക്കുന്ന തരത്തിൽ നിരവധിയായ പദ്ധതികളാവിഷ്കരിക്കുന്നുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇന്ന് പുതിയ തലമുറ കൃഷിയിലേയ്ക്ക് വ്യാപൃതരാകുന്നുണ്ട്. കഴിഞ്ഞദിവസം കൂൺ ഗ്രാമങ്ങളുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ സ്ഥാപനമായ ഡയറക്ടറേറ്റ് ഓഫ് മഷ്റൂം റിസർച്ച് (DMR)-ഉം കേരളത്തിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ടവരും ആർ.സി.സി.-യിലെ ഡോക്ടർമാരുമടക്കം ചേർന്ന

+ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നം. KLS/8291/2025-Asst(Editing) dt.10/10/2025) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

മീറ്റിങ്ങിൽ മഷ്റൂം ക്യാൻസർ പ്രതിരോധത്തിന് ഉപകരിക്കുന്നതായി പറയുകയുണ്ടായി. കേരളത്തിൽ ചെറുപ്പക്കാരായ ആൾക്കാരാണ് കൂൺ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നത്. കാർഷിക മേഖലയിലേയ്ക്ക് ചെറുപ്പക്കാർ കടന്നുവരുന്നതിന് നിരവധിയായ പരിപാടികളും പദ്ധതികളും കേരളത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. അതിനെല്ലാ പിന്തുണയും പിൻബലവും നൽകുന്നതോടൊപ്പം അവരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനാവശ്യായ പദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മൾ വിചാരിക്കുന്നതിനപ്പുറത്തേയ്ക്കുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളാണ് കാർഷിക വിഭവങ്ങളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്നത്. ചെറുപ്പക്കാരായ കർഷകർ ഈ മേഖലയിൽ മികവാർന്ന പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. അതിനുവേണ്ട എല്ലാ പിന്തുണയും സർക്കാർ നൽകുന്നുണ്ട്. കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ ഉപകരിക്കുന്ന തരത്തിലാണ് 2365 കോടി രൂപയുടെ കേര പദ്ധതി നടപ്പാക്കി തുടങ്ങിയിരിക്കുന്നത്. കേരളത്തിലെ കാർഷിക മേഖലയിൽ സമഗ്രമായ മുന്നേറ്റമുണ്ടാകുന്ന തരത്തിൽ കൂടുതൽ ആൾക്കാരെ ഈ രംഗത്തേയ്ക്കെത്തിക്കുന്നതിനും കാർഷിക മേഖലയിലെ വരുമാനത്തിലൂടെ

അന്തസ്സാർന്ന ജീവിതം നയിക്കാൻ ഉപകരിക്കുന്ന തരത്തിൽ കൃഷിക്കാരെ മാറ്റിത്തീർക്കുന്നതിനുമുള്ള എല്ലാ പിന്തുണയും പിൻബലവും സർക്കാർ നൽകുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ വരുമാനത്തിൽ വർധനവുണ്ടായെന്ന് ശാസ്ത്രീയമായി ഇവിടെ തെളിയിക്കപ്പെട്ടിരിക്കുന്നു. അത്തരത്തിൽ വലിയ മെച്ചമുണ്ടായി എന്നതും അഭിനന്ദനാർഹമായ കാര്യമാണ്.

(ചോദ്യം ചോദിക്കാനുള്ള പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ നക്ഷത്രചിഹ്നമിട്ട 274 -ാം നമ്പർ ചോദ്യം അവതരിപ്പിച്ചില്ല.)

## ഉന്നത പഠനത്തിനായി വിദേശരാജ്യങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ പ്രവേശനം

(*275) <u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>
<u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ നിന്നുള്ള ബിരുദങ്ങൾക്ക് വിദേശരാജ്യങ്ങളിൽ കൂടുതൽ സ്വീകാര്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

Uncorrected/Not for publication
09-10-2025

(ബി) സമീപ കാലത്തായി വിദേശരാജ്യങ്ങളിൽനിന്നുള്ള കുട്ടികൾ ഉന്നത പഠനത്തിനായി സംസ്ഥാനത്തേക്ക് കൂടുതലായി പ്രവേശനം നേടിയിട്ടുണ്ടോ; ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ ഏതൊക്കെ കോഴ്സുകളിലേക്കാണ് പ്രവേശനം നേടിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

(സി) വിദ്യാർഥികളിൽ നല്ലൊരു വിഭാഗം പഠനത്തോടൊപ്പം വരുമാനവും കണ്ടെത്താൻ ആഗ്രഹിക്കുന്നതിനാൽ കലാലയ പഠനം ഇതിനുതകുന്ന തരത്തിൽ മാറ്റാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) സംസ്ഥാനത്തെ സർവകലാശാലകളിൽനിന്നുള്ള ബിരുദങ്ങൾക്ക് വിദേശരാജ്യങ്ങളിൽ കൂടുതൽ സ്വീകാര്യമാക്കുന്നതിനും ദേശീയ-രാജ്യാന്തര റാങ്കിങ്ങുകളിൽ കേരളത്തിലെ സർവകലാശാലകൾക്ക് തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കുന്ന മികച്ച അംഗീകാരവും അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തിൽ നടപ്പാക്കിവരുന്ന നാലുവർഷ ബിരുദപ്രോഗ്രാമും സഹായകരമാകുന്നുണ്ട്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള നാലുവർഷ ബിരുദ പ്രോഗ്രാം

International compatability ഉറപ്പാക്കിക്കൊണ്ടാണ് ടി പ്രോഗ്രാം ഡിസൈൻ ചെയ്തിട്ടുള്ളത്. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവകലാശാലകൾ പൊതുവേ പിന്തുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായ കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവകലാശാലകളിലും കോളേജുകളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർധിപ്പിക്കുമെന്നാണ് കരുതുന്നത്. വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാകുംവിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുമുള്ള തരത്തിലാണ് കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. നാലുവർഷ ബിരുദ ക്രെഡിറ്റുകൾക്ക് ലോകത്തിലെ

പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും.

(ബി) 2016 മുതൽ 2025 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ സർവകലാശാലകളുടെ NAAC ഗ്രേഡിങ്, NIRF റാങ്കിങ്, ഭൗതിക സാഹചര്യങ്ങൾ എന്നിവ വലിയ രീതിയിൽ വർധിക്കുകയും ഇത് കേരളത്തിലെ സർവകലാശാലകളിലേക്ക് വലിയ തോതിലുള്ള വിദേശ വിദ്യാർഥി പ്രവേശനമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സർവകലാശാലകളിൽ പ്രവേശനം നേടിയ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) നാലുവർഷ ഓണേഴ്സ് ബിരുദം നേടാൻ ആഗ്രഹിക്കുന്നവർക്ക് 6 മാസത്തെ ഇൻഡസ്ട്രി ഇന്റേൺഷിപ്, പ്രോജക്റ്റ് എന്നിവ ചെയ്യാനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവസരമുണ്ട്. അതോടൊപ്പംതന്നെ അവരുടെ മേഖലയിൽ അനുയോജ്യമായ തൊഴിൽ പരിശീലന കോഴ്സുകൾ ഓൺലൈനായി പൂർത്തീകരിക്കാനുള്ള അവസരവുമുണ്ട്. നാലുവർഷ ബിരുദ വിദ്യാർഥികൾക്ക് ഇൻഡസ്ട്രി ഇന്റേൺഷിപ്, ഓൺലൈൻ നൈപുണ്യ വികസന കോഴ്സുകൾ എന്നിവ ലഭ്യമാക്കാൻ CSDCCP കേന്ദ്രങ്ങൾ സഹായിക്കും.

നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്ന വിവിധതരം പശ്ചാത്തല വികസന സഹായങ്ങൾ സ്കിൽ സെന്ററുകൾ വഴി നേടിയെടുക്കാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇതുവഴി സാധിക്കും. തൊഴിൽ പഠനത്തിനും പരിശീലനത്തിനുമായി വിവിധ കമ്പനികളുടെ സി.എസ്.ആർ. ഫണ്ടിൽ നിന്നുള്ള ധനസഹായം നേടിയെടുക്കാനും സ്കിൽ ലോൺ, സ്കിൽ സ്കോളർഷിപ്പ് എന്നിവ നേടിയെടുക്കാനും ഈ കേന്ദ്രങ്ങൾ വിദ്യാർഥികളെ സഹായിക്കും.

ഇന്റേൺഷിപ്പ് നൽകാൻ താൽപര്യമുള്ള കമ്പനികളെയും വ്യവസായ സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിനും അവയെ ഒരു പൊതുകുടക്കീഴിൽ എത്തിക്കുന്നതിനുമായി കെൽട്രോണിന്റെ സാങ്കേതികസഹായത്തോടെ

സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളെ കൂട്ടിയിണക്കി 'കേരള ഇന്റേൺഷിപ്പ് പോർട്ടൽ' ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

വിദ്യാർഥികൾക്കായി Earn While You Learn പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമെ ഇന്റേൺഷിപ്പ് അവസരങ്ങൾ വിദ്യാർഥികൾക്ക് സമ്മർ വെക്കേഷനിലും നാലാം വർഷത്തിലും ചെയ്യാനുള്ള അവസരമുണ്ട്. ഇത്തരം ഇന്റേൺഷിപ്പുകൾക്ക് വിദ്യാർഥികൾക്ക് സ്റ്റൈപ്പന്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ, വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വർക്ക് ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളും അപ്രന്റീസ് എംബഡഡ് പ്രോഗ്രാമുകളും ആരംഭിക്കുന്നതിനുള്ള അവസരങ്ങളും പുതിയ കരിക്കുലം മുന്നോട്ടുവച്ചിട്ടുണ്ട്. ഇത്തരം പ്രോഗ്രാമുകൾ ചെയ്യുന്ന സമയത്ത് വിദ്യാർഥികൾക്ക് തൊഴിൽ സ്ഥാപനങ്ങളിൽ ജോലിയെടുക്കാനും അവരുടെ ജോലിയുടെ പരിചയത്തെ അടിസ്ഥാനമാക്കി ക്രെഡിറ്റ് ആർജിക്കാനും അതുവഴി ബിരുദം നേടാനും സാധിക്കും.

ശ്രീ. വി. കെ. പ്രശാന്ത്: സർ, പ്രധാനപ്പെട്ട വിഷയമാണ് സഭയിൽ ഉന്നയിക്കാൻ ശ്രമിക്കുന്നത്. പ്രതിപക്ഷാംഗങ്ങളോട് പുറത്തുപോയി സമരം ചെയ്യാൻ പറയണം. ബാക്കി അംഗങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവസരമുണ്ടാക്കണം.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിച്ചോളൂ.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തെ വൈജ്ഞാനിക സമൂഹമാക്കുന്നതിന് വലിയ പങ്കാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകുന്നത്. വിവിധ സർവകലാശാലകളിൽ NAAC ഉൾപ്പെടെയുള്ള റാങ്കിങ്ങുകളിൽ മികച്ച സ്ഥാനം നമ്മൾ നേടുകയാണ്. ഇതിനെ തകിടം മറിയ്ക്കാനുള്ള ശ്രമങ്ങളെ ചെറുക്കുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ ഞാൻ അനുമോദിക്കുന്നു. വിവിധ മത്സപരീക്ഷകളിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്ന വിദ്യാർഥികൾ കേരളം വിടുന്നതായ അനുഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, കേരളത്തിലെ വിദ്യാർഥികൾ മാത്രമല്ല, ഇന്ത്യയ്ക്ക് പുറത്തുനിന്നും അതുപോലെ ഇന്ത്യയിലെ ഇതര

സംസ്ഥാനങ്ങളിൽനിന്നുമുള്ള വിദ്യാർഥികളെക്കൂടി കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുതകുന്ന വിധത്തിലുള്ള പരിഷ്കാരങ്ങളാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിവരുന്നത്. International compatability ഉറപ്പാക്കുന്ന നാല് വർഷ ബിരുദ പ്രോഗ്രാം ഡിസൈൻ ചെയ്തിട്ടുള്ളത് അതിന് ആനുപാതികമായ രീതിയിലാണ്. കഴിഞ്ഞ നാല് വർഷക്കാലംകൊണ്ട് ആറായിരം കോടി രൂപ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിന്യസിച്ചുകൊണ്ട് ഏറ്റവും മികച്ച അടിസ്ഥാനസൗകര്യങ്ങൾ സർവകലാശാലകളിൽ ഉറപ്പാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സൗത്ത് ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച ലാബ് കോംപ്ലക്സുകൾ ഇന്ന് കേരള സർവകലാശാലയിലും എം.ജി. യൂണിവേഴ്സിറ്റിയിലും കുസാറ്റിലും ഉണ്ടെന്നത് നമുക്കേറെ അഭിമാനകരമായ കാര്യമാണ്. രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും കൂടുതൽ വിദ്യാർഥികൾ കടന്നുവരുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാനസൗകര്യ വികസനം നമ്മൾ ഉറപ്പാക്കുകയാണ്. ഇന്റർനാഷണൽ ഹോസ്റ്റലുകൾ ഉൾപ്പെടെ ഇതിനായി സജ്ജീകരിച്ചുവരുന്നു. അതുപോലെ കരിക്കുലം ഫ്രെയിം വർക്ക് ഡിസൈൻ ചെയ്യുമ്പോൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളവ

ഉറപ്പാക്കുകയാണ്. Earn While You Learn സമീപനത്തിലൂടെ പഠനവേളയിൽത്തന്നെ തൊഴിൽ ആഭിമുഖ്യം വളർത്താനും സംരംഭകത്വ താൽപ്പര്യങ്ങൾ വർധിപ്പിക്കാനുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇന്നവേഷൻ ഇൻകുബേഷൻ സ്റ്റാർട്ടപ് അന്തരീക്ഷം ഹയർ എജ്യൂക്കേഷൻ സ്ഥാപനങ്ങളിൽ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഇവിടത്തെ വിദ്യാർഥികളെ മാത്രമല്ല പുറത്തുനിന്നുള്ള വിദ്യാർഥികളെക്കൂടി കേരളത്തിലേയ്ക്ക് ആകർഷിച്ചുകൊണ്ട് കേരളത്തിലെ ഹയർ എജ്യൂക്കേഷൻ മേഖലയെ ഒരു ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

<u>ശ്രീ. വി. കെ. പ്രശാന്ത്:</u> സർ, പഠനത്തോടൊപ്പം വരുമാനവും കണ്ടെത്താനുള്ള വിദ്യാർഥികളുടെ ആഗ്രഹത്തിനനുസരിച്ചുള്ള മാറ്റങ്ങൾ കൊണ്ടുവരുമോ; സർവകലാശാലകളുടെ വിദൂരപഠനകേന്ദ്രങ്ങളിലും UIT (University Institute of Technology)-കളിലും അടിസ്ഥാനസൗകര്യങ്ങൾ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ അങ്ങയുടെ നേതൃത്വത്തിൽ നൽകുമോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും, പഠനത്തോടൊപ്പം തൊഴിൽ ആഭിമുഖ്യം വളർത്തുക, വിദ്യാഭ്യാസവും തൊഴിലും തമ്മിലുള്ള സ്കിൽ ഗ്യാപ് നികത്തുക, സ്കിൽ ഡെവലപ്മെന്റിന് പരമാവധി ഏജൻസികളെ പ്രയോജനപ്പെടുത്തുക, പരമാവധി പ്ലാറ്റ്ഫോമുകൾ അതിനുവേണ്ടി ഉയർത്തിക്കൊണ്ടുവരിക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടിയാണ് ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. ഇതുമായി ബന്ധപ്പെട്ട് വികസിപ്പിച്ച ഇൻഡസ്ട്രി ഓൺ കാമ്പസ്, കണക്ട് കരിയർ ടു കാമ്പസ് തുടങ്ങിയ പദ്ധതികളുടെ ഭാഗമായി വിദ്യാർഥികൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നുണ്ട്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ....ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)